

# تَفْسِيرُ سُورَةِ الْأحْقَافِ

سِرَاجُ الإِسْلَام بن أبي بَكر

# تَفْسِيرُ سُورَةَ الْأَحْقَاف

**മക്കയിൽ അവതരിപ്പിക്കപ്പെട്ട അദ്ധ്യായം**

**വചനങ്ങൾ 35**

حِـقْف എന്ന പദത്തിന്റെ ബഹുവചനമാണ് الأَحْـقَاف. الأَحْـقَاف എന്ന് പറഞ്ഞാൽ മണൽ ഭൂമികൾ എന്നാണു അർഥം. الجِبَالُ الـــرَّمَـــلِـيّة അഥവാ മണൽ നിറഞ്ഞ പർവതങ്ങൾ എന്നും അർത്ഥമുണ്ട്. ഹൂദ് നബിയുടെ സമൂഹമായ ആദ് ഗോത്രം താമസിച്ച യമനിന്റെയും ഹളർമൌത്തിന്റെയും ഇടയ്ക്ക് അറേബ്യയുടെ തെക്കേ കടലോര പ്രദേശങ്ങളിൽ പാറക്കുന്നുകൽക്കിടയിലൂടെ സ്ഥിതി ചെയ്യുന്ന മണൽ പ്രദേശമാണ് അഹ്കാഫ്.



Ahqaf

ഈ അധ്യായം ആരംഭിക്കുന്നത് الحُروفُ المُقَطَّعَة കൊണ്ടാണ്.

الحُروفُ المُقَطَّعَة എന്ന് പറഞ്ഞാൽ പരിശുദ്ധ ഖുർആനിലെ ചില അദ്ധ്യായങ്ങളുടെ തുടക്കത്തിൽ കാണപ്പെടുന്ന അറബി അക്ഷരമാലയിലെ കൂട്ടി എഴുതപ്പെട്ട അക്ഷരങ്ങളാണ്. എന്നാൽ ഓരോ അക്ഷരവും മുറിച്ച് പാരായണം ചെയ്യണം.

ഉദാ:- الم ,എഴുതിയത് കൂട്ടി ആണെങ്കിലും ഓരോ അക്ഷരവും വേറെ വേറെ മുറിച്ചു ഓതണം.

## ഖുർആനിൽ 29 അദ്ധ്യായങ്ങൾ الحُروفُ المُقَطَّعَة കൊണ്ടാണ് തുടങ്ങുന്നത്

### ഒരു അക്ഷരം കൊണ്ട് തുടങ്ങുന്ന മൂന്ന് അദ്ധ്യായങ്ങൾ :

1. സൂറത്തു സ്വാദ് (ص) 2. സൂറത്തു അൽ കലം (ن) 3. സൂറത്തു ഖ്വാഫ് (ق)

## രണ്ട് അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന 10 സൂറത്തുകൾ :

1. ഗാഫിർ (حم) 2. ഫുസ്സിലത്ത് (حم) 3.ശൂറാ (حم) 4.സുഖ്റുഫ് (حم) 5.ദുഖാൻ (حم) 6. ജാസിയ (حم) 7. അഹ്കാഫ് (حم) 8. ത്വാഹ (طه) 9. അന്നംല് (طس) 10. യാസീൻ (يس)

## മൂന്ന് അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്നത് 13 അദ്ധ്യായങ്ങൾ:

1. അൽ ബഖറ ( الم) 2. ആലു ഇമ്രാൻ (الم) 3. അൻകബൂത് (الم) 4.ലുഖ്മാൻ ( الم) 5.റോം (الم) 6.സജ്ദ് (الم) 7. യൂനുസ് (الر) 8. യൂസുഫ് (الر) 9.ഹൂദ് (الر) 10. ഇബ്രാഹീം (الر) 11. ഹിജ്ർ (الر) 12. ഖസസ് (طسم) 13. ശുഅറാ: (طسم)

## നാല് അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്നവ 2

1. അൽ ആറാഫ് (المص) 2. അ:റഅദു (المر)

## അഞ്ചു അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്നത് 2

1. മർയം (كهيعص)
2. ശൂറാ (حم عسق)

ഇവിടെ പ്രത്യേകം ശ്രദ്ധിക്കുക : രണ്ടു അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന അദ്ധ്യായത്തിനും അഞ്ചു അക്ഷരങ്ങൾ കൊണ്ട് തുടങ്ങുന്ന അദ്ധ്യായത്തിനും ഉദാഹരണമായി സുറ: ശൂറ (الشورى) നൽകിയത് കാണാം. കാരണം ആദ്യത്തെ രണ്ടു ആയത്തുകളും حروف مقطعة ആണ്. حروف مقطعة കൊണ്ട് ആരംഭിക്കുന്ന മുപ്പത് അദ്ധ്യായങ്ങൾ ഉണ്ടെന്ന് തെറ്റായി മനസ്സിലാക്കരുത്.

## വചനം – 1

**حم (1)**

.......................................................................................................

حم വ്യാഖ്യാനം: الحُرُوفُ المُقَطَّعَة ,ഇതിനു പല വ്യഖാനങ്ങളും നല്കപ്പെട്ടിട്ടുണ്ടെങ്കിലും അവയുടെ അർഥം അല്ലാഹുവിനു മാത്രമേ അറിയൂ എന്നതാണ് ശരിയായ അഭിപ്രായം. കാരണം നബി തങ്ങൾ നമുക്കതിന്റെ അർഥം പറഞ്ഞു തന്നിട്ടില്ല.

.......................................................................................................

## വചനം – 2

**تَنْزِيلُ الْكِتَابِ مِنَ اللهِ الْعَزِيزِ الْحَكِيمِ (2)**

"(ഈ) വേദഗ്രന്ഥത്തിന്റെ അവതരണം പ്രതാപശാലിയായ, അഗാധജ്ഞനായ, അല്ലാഹുവിങ്കൽ നിന്നാകുന്നു."

---

### വാക്കർത്ഥങ്ങൾ:

نَزَّلَ يُنَزِّلُ تَنزِيلاً : അവതരിപ്പിച്ചു, അവതരണം

### ● വിശദീകരണം:

تَـــنْـزِيـــل : അവതരിപ്പിക്കുക,ഇറക്കുക എന്നെല്ലാം അർത്ഥമുള്ള ഈ പദം അല്ലാഹു തആലാ സ്യഷ്ടികൾക്ക് മേലെ, ആകാശത്താണെന്ന സൂചന നൽകുന്നു. കാരണം ഇറങ്ങുക, ഇറക്കുക തുടങ്ങിയ വാക്കുകളൊക്കെ മേലെ നിന്ന് താഴോട്ടുള്ള പ്രവർത്തിയെ സൂചിപ്പിക്കുന്നു. അല്ലാഹു ഏഴു ആകാശങ്ങൾക്ക് മേലെ അർശിൽ ആകുന്നു.

العزيز എന്ന് പറഞ്ഞാൽ ذُو العِزَّة അഥവാ عِزّة ഉള്ളവൻ എന്നാണു അർത്ഥം:

والعزيز في اللغة: هو القوي الشديد الغالب، الذي لا يُغلب.

قَالَ الزَّجَّاجُ: " هُوَ الْمُمْتَنِعُ فَلَا يَغْلِبُهُ شَيْءٌ. "

وَقَالَ غَيْرُهُ: " هُوَ الْقَوِيُّ الْغَالِبُ كُلَّ شَيْءٍ " "لسان العرب"

ഭാഷയിൽ العـــزيـــز എന്നാൽ അതിയായ ശക്തിയുള്ളവൻ,എല്ലാവരെയും തോൽപിക്കുന്നവൻ,ആർക്കും തോൽപിക്കാൻ കഴിയാത്തവൻ എന്നൊക്കെയാണ് അർത്ഥം. അപ്പോൾ അല്ലാഹു തആല عِـــزّة **ഉള്ളവൻ ആണെന്ന് പറഞ്ഞാൽ മൂന്ന് ആശയങ്ങൾ അതിൽ ഉൾപ്പെടും.**

1) عزَّة الإمْتِناع.

ഉപകാരം കൊണ്ടോ ഉപദ്രവം കൊണ്ടോ ആർക്കും അവനെ സമീപിക്കാൻ കഴിയില്ല.

2) وعزة القَهْرِ والغَلَبَة.

അവൻ എല്ലാറ്റിനേയും അതിജയിക്കും

3) وعزة القُوَّة.

അവൻ ഏറെ ശക്തനും എല്ലാറ്റിനും കഴിവുള്ളവനുമാണ്

**الــحكيم എന്ന് പറഞ്ഞാൽ ذُو الْــحِكْمَة അഥവാ ഹിക്മത്ത് ഉള്ളവൻ എന്നാണ് അർഥം .**

الحكيم എന്ന പദം മൂന്ന് ആശയങ്ങൾ ഉൾക്കൊള്ളുന്നു.

ഒന്ന്: حــاكــم എന്ന അർത്ഥത്തിൽ. ഈ പ്രപഞ്ചത്തിൽ മുഴുവൻ അവന്റെ വിധികൾ നടപ്പിലാക്കപ്പെടുന്നു. ആർക്കും അവനെതിരിൽ വിധിക്കാൻ കഴിയില്ല. മതപരമായ വിധികളും അവന്റേത് തന്നെ. അവന്റെ തീരുമാനങ്ങൾ സൃഷ്ടികൾ പൂർണമായും അനുസരിക്കണം.

രണ്ട്: مُـــحْكِم എന്ന അർത്ഥത്തിൽ. ഏറ്റവും നന്നായി ചെയ്യുന്നവൻ എന്നാണു അർഥം. ചെറുതും വലുതുമായ മുഴുവൻ സൃഷ്ടികളേയും അവൻ കുറ്റമറ്റ രീതിയിൽ സൃഷ്ടിച്ചിരിക്കുന്നു.

الَّذِي أَحْسَنَ كُلَّ شَيْءٍ خَلَقَهُ

"അവൻ സൃഷ്ടിച്ച എല്ലാറ്റിനേയും അവൻ നന്നാക്കിയിരിക്കുന്നു".

മൂന്ന്: ذو الـــحـكمة അഥവാ ഹിക്മത്തുള്ളവൻ എന്ന അർത്ഥത്തിൽ. الـــحـكمة എന്ന് പറഞ്ഞാൽ ഏറ്റവും ശരിയായ അറിവോടുകൂടി ഓരോ കാര്യങ്ങളേയും ശരിയായ രൂപത്തിൽ സംവിധാനിക്കുക,ശരിയായ അറിവോടുകൂടി വിധിക്കുക എന്നൊക്കെയാണ് അർഥം. അല്ലാഹു അവൻറെ സൃഷ്ടിപ്പിലും തീരുമാനങ്ങളിലും ഹിക്മത്തുള്ളവനാണ്.

.......................................................................

**ആശയം : الـعزيـز അഥവാ ആർക്കും തോൽപിക്കാൻ കഴിയാത്തവനായ, എല്ലാവരേയും കീഴടക്കി ഭരിക്കുന്ന , الـــحـكـيـم ആയ അഥവാ അഗാതമായ അറിവുള്ളവനും** സൂക്ഷ്മജ്ഞാനിയുമായ അല്ലാഹുവിൽ നിന്ന് അവതീർണമായതാണ് പരിശുദ്ധ ഖുർആൻ. അതിനെ മുറുകെ പിടിക്കുന്നവർ വിജയിക്കും. അതിനെ കയ്യോഴിയുന്നവർ പരാജയപ്പെടും. കാരണം അല്ലാഹുവിനെ മറികടക്കാൻ ആർക്കും സാധ്യമല്ല.

## വചനം – 3

مَا خَلَقْنَا السَّمَاوَاتِ وَالْأَرْضَ وَمَا بَيْنَهُمَا إِلَّا بِالْحَقِّ وَأَجَلٍ مُسَمًّى وَالَّذِينَ كَفَرُوا عَمَّا أُنْذِرُوا مُعْرِضُونَ (3)

"ആകാശങ്ങളും ഭൂമിയും അവയ്ക്കിടയിലുള്ളതും നാം സൃഷ്ടിച്ചത് ശരിയായ ഉദ്ദേശത്തോടു കൂടിയും നിർണിതമായ ഒരു അവധിവെച്ചുകൊണ്ടും മാത്രമാകുന്നു. സത്യനിഷേധികളാകട്ടെ തങ്ങൾക്ക് താക്കീത് നൽകപ്പെട്ടതു ശ്രദ്ധിക്കാതെ തിരിഞ്ഞുകളയുന്നവരാകുന്നു."

---

● **വാക്കർത്ഥം:**

| | |
|---|---|
| ആകാശങ്ങൾ | سَمَاءٌ (ج) سَمَاوَاتٌ |
| സൃഷ്ടിച്ചു | خَلَقَ – يَخْلُقُ – خَلْقًا |
| താക്കീത് നൽകുക | أَنْذَرَ – يُنْذِرُ – إِنْذَارًا |
| അവഗണിക്കുക, പിന്തിരിയുക | أَعْرَضَ يُعْرِضُ إِعْرَاضًا |
| നന്ദികേട് കാണിക്കുക, നിഷേധിക്കുക | كَفَرَ يَكْفُرُ كُفْرًا |

● **വിശദീകരണം:**

ആകാശങ്ങളെയും ഭൂമിയെയും അവക്കിടയിലുള്ളതിനെയും അല്ലാഹു സൃഷ്ടിച്ചത് രണ്ട് കാര്യങ്ങളോട് കൂടിയാണ്.

إِلَّا بِٱلْحَقِّ

" സത്യപ്രകാരം, യഥാർത്ഥ പ്രകാരം, ശരിയായ ലക്ഷ്യത്തോട് കൂടി.

ഇല്ലാ ബിൽഹഖ് ( إِلَّا بِٱلْحَقِّ ) എന്നതിനെ സംബന്ധിച്ച് ഇബ്നു ജരീർ അത്വബരി (റഹിമഹുല്ലാഹ് ) പറഞ്ഞു: ''സത്യവും നീതിയും സൃഷ്ടികൾക്കിടയിൽ സ്ഥാപിക്കുവാൻ വേണ്ടി.'' അതായത്, കളിതമാശയായിക്കൊണ്ട് ഒന്നും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നർത്ഥം. ഒരാളുടെ വ്യക്തിത്വത്തിന്റെയും ബുദ്ധിശക്തിയുടെയും പൂർണ്ണതയിൽ പെട്ടതാണ് അയാൾ ഏതൊരു കാര്യവും ശരിയായ ലക്ഷ്യത്തോടെയും ഗൗരവത്തോടെയും ചെയ്യുകയെന്നത്. എങ്കിൽ അത്യുന്നതനും പ്രതാപശാലിയുമായ അല്ലാഹു തആല കളിതമാശയായിക്കൊണ്ട് പ്രപഞ്ചത്തെ സൃഷ്ടിക്കുകയില്ല. അവൻ ജീവിതത്തേയും മരണത്തെയും സൃഷ്ടിച്ചത് ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് പരീക്ഷിക്കുവാൻ വേണ്ടിയാണ്.

وَأَجَلٍ مُّسَمًّى

നിർണിതമായ അവധിയോട് കൂടിയാണ് അവൻ സൃഷ്ടി നടത്തിയിട്ടുള്ളത്. ഓരോ വസ്തുവും നശിക്കും. ഓരോ വ്യക്തിയും മരണപ്പെടും. ഈ ലോകം അവസാനിക്കും. ശേഷം മരണാനന്തര ജീവിതത്തിൽ കർമങ്ങൾ വിചാരണക്ക് വിധേയമാക്കപ്പെടുകയും നീതി നടപ്പിലാക്കപ്പെടുകയും ചെയ്യും.

وَالَّذِينَ كَفَرُوا عَمَّا أُنْذِرُوا مُعْرِضُونَ

'' എന്നാൽ സത്യനിഷേധികൾ അവർക്ക് താക്കീത് ചെയ്യപ്പെട്ടതിനെ സംബന്ധിച്ച് അശ്രദ്ധയിലാകുന്നു.''

**ഈ വാക്യത്തിൽ അടങ്ങിയ ആശയം ശ്രദ്ധിക്കുക:**

താക്കീതുകളെ അവഗണിക്കൽ സത്യനിഷേധികളുടെ സ്വഭാവത്തിൽ പെട്ടതാകുന്നു. വിശ്വാസികൾക്കതു അനുയോജ്യമല്ല. മൂന്നു കാര്യങ്ങളോട് വിശ്വാസികൾക്ക് വെറുപ്പാണ്.

1. كُفْرٌ - സത്യനിഷേധം ,നന്ദികേട്
2. فُسُوقٌ - തോന്നിവാസം ,അധർമം
3. عِصْيَانٌ - അനുസരണക്കേട്

തെളിവ്:

{ وَلَكِنَّ اللهَ حَبَّبَ إِلَيْكُمُ الْإِيمَانَ وَزَيَّنَهُ فِي قُلُوبِكُمْ وَكَرَّهَ إِلَيْكُمُ الْكُفْرَ وَالْفُسُوقَ وَالْعِصْيَانَ أُولَئِكَ هُمُ الرَّاشِدُونَ } [الحجرات: 7]

"എങ്കിലും, സത്യവിശ്വാസത്തെ അല്ലാഹു നിങ്ങൾക്ക് ഇഷ്ടമാക്കിത്തരുകയും, നിങ്ങളുടെ ഹൃദയങ്ങളിൽ അതിനെ അലങ്കാരമാക്കിത്തരുകയും ചെയ്തിരിക്കുകയാണ്; അവിശ്വാസവും, ദുർന്നടപ്പും, അനുസരണക്കേടും അവൻ നിങ്ങൾക്ക് വെറുപ്പാക്കിത്തരുകയും ചെയ്തിരിക്കുന്നു. (അങ്ങനെയുള്ള) അക്കൂട്ടർതന്നെയാണ് തന്റേടമുള്ളവർ [സന്മാർഗികൾ]"

(സൂറത്തുൽ ഹുജുറാത്: 7)

അല്ലാഹുവിനോടും പ്രവാചകനോടും അനുസരണക്കേട് കാണിച്ചാൽ ഇഹത്തിലും പരത്തിലും ശിക്ഷയുണ്ടെന്നതാണ് അല്ലാഹുവിന്റെ താക്കീത്.

## വചനം – 4

قُلْ أَرَأَيْتُمْ مَا تَدْعُونَ مِنْ دُونِ اللهِ أَرُونِي مَاذَا خَلَقُوا مِنَ الْأَرْضِ أَمْ لَهُمْ شِرْكٌ فِي السَّمَاوَاتِ ائْتُونِي بِكِتَابٍ مِنْ قَبْلِ هَذَا أَوْ أَثَارَةٍ مِنْ عِلْمٍ إِنْ كُنْتُمْ صَادِقِينَ (4)

"(നബിയേ,) പറയുക: അല്ലാഹുവിന് പുറമെ നിങ്ങൾ വിളിച്ചു പ്രാർത്ഥിക്കുന്നതിനെ പറ്റി നിങ്ങൾ ചിന്തിച്ചു നോക്കിയിട്ടുണ്ടോ? ഭൂമിയിൽ അവർ എന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് നിങ്ങൾ എനിക്ക് കാണിച്ചുതരൂ. അതല്ല ആകാശങ്ങളുടെ സൃഷ്ടിയിൽ വല്ല പങ്കും അവർക്കുണ്ടോ? നിങ്ങൾ സത്യവാൻമാരാണെങ്കിൽ ഇതിന് മുമ്പുള്ള ഏതെങ്കിലും വേദഗ്രന്ഥമോ, അറിവിന്റെ വല്ല അംശമോ നിങ്ങൾ എനിക്ക് കൊണ്ടു വന്നു തരൂ."

---

### ● വാക്കർത്ഥം:

| | |
|---|---|
| കണ്ടു, കാണുക | رَأَى – يَرَى – رُؤْيَةً |
| വിളിക്കുക, പ്രാർത്ഥിക്കുക, ആരാധിക്കുക | دَعَا – يَدْعُو – دُعَاءً |
| കാണിക്കുക | أَرَى – يُرِى – إِرَاءَةً |
| പങ്കാളിയാവുക | شَرِكَ – يَشْرَكُ – شِرْكًا |
| നൽകുക | آتَى – يُؤْتِى – إِيتَاءً |
| സത്യം പറയുക | صَدَقَ – يَصْدُقُ – صِدْقًا |

### ● വിശദീകരണം:

അല്ലാഹുവിന് പുറമെ ആരാധിക്കപ്പെടുകയും പ്രാർത്ഥിക്കപ്പെടുകയും ചെയ്യുന്നവരെല്ലാം അതിനർഹതയില്ലാത്തവരാണ്. അതിനുള്ള കാരണം അവർ സൃഷ്ടികളാണ്. അല്ലാഹുവിനെ

മാത്രമേ ആരാധിക്കാൻ പാടുള്ളൂ എന്ന് പറയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം അവനാണ് സ്രഷ്ടാവ് എന്നതാണ്. സൃഷ്ടികൾ ആരാധന അർഹിക്കുന്നില്ല.

**തെളിവ്:**

**وَالَّذِينَ يَدْعُونَ مِنْ دُونِ اللهِ لَا يَخْلُقُونَ شَيْئًا وَهُمْ يُخْلَقُونَ (20) أَمْوَاتٌ غَيْرُ أَحْيَاءٍ وَمَا يَشْعُرُونَ أَيَّانَ يُبْعَثُونَ (21) إِلَهُكُمْ إِلَهٌ وَاحِدٌ فَالَّذِينَ لَا يُؤْمِنُونَ بِالْآخِرَةِ قُلُوبُهُمْ مُنْكِرَةٌ وَهُمْ مُسْتَكْبِرُونَ (22)} [النحل: 20 - 22]**

"അല്ലാഹുവിന് പുറമെ നിങ്ങൾ ആരെയൊക്കെ വിളിച്ച് പ്രാർത്ഥിച്ച് കൊണ്ടിരിക്കുന്നുവോ അവർ യാതൊന്നും സൃഷ്ടിക്കുന്നില്ല. അവരാകട്ടെ സൃഷ്ടിക്കപ്പെടുന്നവരുമാണ്. അവർ (പ്രാർത്ഥിക്കപ്പെടുന്നവർ) മരിച്ചവരാണ്. ജീവനുള്ളവരല്ല. ഏത് സമയത്താണ് അവർ ഉയിർത്തെഴുന്നേൽപിക്കപ്പെടുക എന്ന് അവർ അറിയുന്നുമില്ല. നിങ്ങളുടെ ദൈവം ഏകദൈവമത്രെ. എന്നാൽ പരലോകത്തിൽ വിശ്വസിക്കാത്തവരാകട്ടെ, അവരുടെ ഹൃദയങ്ങൾ നിഷേധസ്വഭാവമുള്ളവയത്രെ. അവർ അഹങ്കാരികളുമാകുന്നു".

( സൂറഃ നഹ്ൽ – 20,21,22 )

അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവരോട് രണ്ടു കാര്യങ്ങൾ സമർപ്പിക്കാൻ ആവശ്യപ്പെടാൻ പ്രവാചകനോട് അല്ലാഹു കൽപ്പിക്കുന്നു.

(1) പൂർവ്വ വേദങ്ങളിൽ നിന്ന് തെളിവ്.

(2) പ്രവാചകൻമാർ വിട്ടേച്ചു പോയ അറിവിൽ നിന്നും വല്ലതും.

അതാണ് ( أَثَارَةٌ مِّنْ عِلْمٍ ) എന്ന് നാലാമത്തെ ആയത്തിൽ പറഞ്ഞത്.

രണ്ടു കാര്യങ്ങൾ ഈ ആയതിൽ നിന്നും ഗ്രഹിക്കാം.

(1)• സ്രഷ്ടാവിനെ മാത്രമേ ആരാധിക്കാവു. പ്രാർത്ഥനയും അവനോട് മാത്രം.

(2)• അല്ലാഹു അല്ലാത്തവരെ വിളിച്ചു പ്രാർത്ഥിക്കുന്നവർക്ക് യാതൊരു പിൻബലവും പ്രമാണത്തിൽ ഇല്ല.

## വചനം – 5

وَمَنْ أَضَلُّ مِمَّنْ يَدْعُو مِنْ دُونِ اللهِ مَنْ لَا يَسْتَجِيبُ لَهُ إِلَى يَوْمِ الْقِيَامَةِ وَهُمْ عَنْ دُعَائِهِمْ غَافِلُونَ (5)

"ഖിയാമത്ത് നാൾവരേക്കും ഉത്തരം നൽകാത്തവരെ, അല്ലാഹുവിനു പുറമെ (വിളിച്ചു പ്രാർത്ഥി)ക്കുന്നവരെക്കാൾ വഴി പിഴച്ചവർ ആരാണ്?! അവരാകട്ടെ ഇവരുടെ [വിളിക്കുന്നവരുടെ] വിളിയെപ്പറ്റി അശ്രദ്ധരുമാകുന്നു."

---

● **വാക്കർത്ഥം:**

| | |
|---|---|
| വഴിപിഴക്കുക | ضَلَّ – يَضِلُّ – ضَلَالًا وهو ضَالٌّ |
| ഉത്തരം നൽകുക | اسْتَجَابَ – يَسْتَجِيبُ – اسْتِجَابَةً |
| ശ്രദ്ധിക്കാതിരിക്കുക,അവഗണിക്കുക | غَفَلَ يَغْفُلُ غَفْلَةً وغُفُولً وهو غَافِلًا |

### ഈ ആയത്തിൽ നിന്ന് ലഭിക്കുന്ന ആശയങ്ങൾ

(1) അല്ലാഹു അല്ലാത്തവരോട് വിളിച്ചു പ്രാർഥിക്കുന്നവർ ഏറ്റവും വലിയ വഴികേടിലാണ്.

(2) അല്ലാഹുവിനു പുറമെ ആരോട് വിളിച്ച് പ്രാർഥിച്ചാലും അത് മലക്കുകൾ, ജിന്നുകൾ നബിമാർ വലിയ്യുകൾ ആരുമാകട്ടെ അവർ ഖിയാമത്ത് നാൾ വരെ ഉത്തരം നൽകുകയില്ല.

(3) ആളുകളുടെ പ്രാർഥന അവർ അറിയുന്നു പോലുമില്ല.

## വചനം – 6

{وَإِذَا حُشِرَ النَّاسُ كَانُوا لَهُمْ أَعْدَاءً وَكَانُوا بِعِبَادَتِهِمْ كَافِرِينَ (6)

"(മാത്രമല്ല) മനുഷ്യർ ഒരുമിച്ചു കൂട്ടപ്പെടുമ്പോൾ, ഇവർക്ക് അവർ ശത്രുക്കളായിരിക്കയും ചെയ്യും; അവർ, ഇവരുടെ ആരാധനയെ (ത്തന്നെ) നിഷേധിക്കുന്നവരുമായിരിക്കും."

---

### ● വാക്കർത്ഥം:

| | |
|---|---|
| ഒരുമിച്ച് കൂട്ടുക | حَشَرَ – يَحْشُرُ – حَشْرًا |
| ആരാധിക്കുക | عَبَدَ – يَعْبُدُ – عِبَادَةً |
| ശത്രു,ശത്രുക്കൾ | عَدُوٌّ (ج) أَعْدَاءٌ |

### ഈ ആയത്തിൽ നിന്ന് ലഭിക്കുന്ന ആശയങ്ങൾ

(1) പ്രാർഥിക്കപ്പെട്ടവർ മഹ്ശറിൽ പ്രാർഥിച്ചവരുടെ ശത്രുക്കൾ ആയിരിക്കും.

(2) അവർ ആ പ്രാർത്ഥനയെ നിഷേധിക്കും

(3) പ്രാർത്ഥന ആരാധനയാണ്.

**ഖുർആനിൽ നിന്ന് ചില തെളിവുകൾ** :

📕 [المائدة: 116 – 118]

**{وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنْتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَهَيْنِ مِنْ دُونِ اللَّهِ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ إِنْ كُنْتُ قُلْتُهُ فَقَدْ عَلِمْتَهُ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ إِنَّكَ أَنْتَ عَلَّامُ الْغُيُوبِ (116) مَا قُلْتُ لَهُمْ إِلَّا مَا أَمَرْتَنِي بِهِ أَنِ اعْبُدُوا اللَّهَ رَبِّي وَرَبَّكُمْ وَكُنْتُ عَلَيْهِمْ شَهِيدًا مَا دُمْتُ فِيهِمْ فَلَمَّا تَوَفَّيْتَنِي كُنْتَ أَنْتَ الرَّقِيبَ عَلَيْهِمْ وَأَنْتَ عَلَى كُلِّ شَيْءٍ شَهِيدٌ (117) }**

**അല്ലാഹു പറഞ്ഞ (അഥവാ പറയുന്ന സന്ദർഭം (ഓർക്കുക): 'മർയമിന്റെ മകൻ ഈസാ, നീയാണോ മനുഷ്യരോട് പറഞ്ഞത്: എന്നെയും, എന്റെ ഉമ്മയെയും നിങ്ങൾ അല്ലാഹുവിനു പുറമെ രണ്ടു ആരാധ്യന്മാരാക്കിക്കൊള്ളുവിൻ എന്ന്?!' അദ്ദേഹം പറഞ്ഞു (അഥവാ പറയും): നീ മഹാപരിശുദ്ധൻ! [നിന്റെ പരിശുദ്ധിയെ ഞാൻ വാഴ്ത്തുന്നു] എനിക്ക് ഒരു അവകാശവും (അഥവാ ന്യായവും) ഇല്ലാത്തത് പറയുവാൻ എനിക്ക് പാടില്ലല്ലോ! 'ഞാനത് പറഞ്ഞിരുന്നെങ്കിൽ, തീർച്ചയായും നീ അത് അറിഞ്ഞിട്ടുണ്ടാകും. എന്റെ സ്വന്തത്തിൽപെട്ടത് [എന്നെ സംബന്ധിച്ചത്] നീ അറിയുന്നു; നിന്റെ സ്വന്തത്തിൽപെട്ടത് [നിന്നെ സംബന്ധിച്ചത്] എനിക്കറിയുകയുമില്ല. നിശ്ചയമായും, നീ തന്നെയാണ് അദൃശ്യ കാര്യങ്ങളെ നന്നായറിയുന്നവൻ." "നീ എന്നോട് എന്ത് കൽപ്പിച്ചുവോ അതല്ലാതെ ഞാൻ അവരോട് പറഞ്ഞിട്ടില്ല; അതായത് എന്റെ റബ്ബും, നിങ്ങളുടെ റബ്ബുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കണമെന്ന് (അല്ലാതെ). ഞാൻ അവരിൽ ഉണ്ടായിരുന്നപ്പോഴൊക്കെ ഞാൻ അവരുടെ മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയായിരുന്നു; അങ്ങനെ, നീ എന്നെ**

പൂർണമായെടുത്തപ്പോൾ, അവരുടെ മേൽ നോട്ടം വഹിക്കുന്നവൻ നീ തന്നെ ആയിരുന്നു. നീയാകട്ടെ, എല്ലാ കാര്യത്തിനും മേൽ (നോട്ടം ചെയ്യുന്ന) സാക്ഷിയുമാകുന്നു.

📕 [سبأ: 40 – 42]

{وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَائِكَةِ أَهَؤُلَاءِ إِيَّاكُمْ كَانُوا يَعْبُدُونَ (40) قَالُوا سُبْحَانَكَ أَنْتَ وَلِيُّنَا مِنْ دُونِهِمْ بَلْ كَانُوا يَعْبُدُونَ الْجِنَّ أَكْثَرُهُمْ بِهِمْ مُؤْمِنُونَ (41)

അവരെ മുഴുവനും അവൻ [അല്ലാഹു] ഒരുമിച്ചുകൂട്ടുന്ന ദിവസം (ഓർക്കുക); പിന്നീട് അവൻ മലക്കുകളോടു പറയും: 'ഇക്കൂട്ടർ നിങ്ങളെയായിരുന്നുവോ ആരാധിച്ചിരുന്നത്?!' അവർ പറയും: 'നീ എത്രയോ പരിശുദ്ധൻ! നീയത്രെ ഞങ്ങൾക്കു ബന്ധപ്പെട്ടവൻ – അവരല്ല. പക്ഷേ, അവർ ജിന്നുകളെ ആരാധിച്ചുവരികയായിരുന്നു. അവരിൽ അധികമാളും അവരിൽ വിശ്വസിക്കുന്നവരാകുന്നു.

📕 [فاطر: 14]

{ إِنْ تَدْعُوهُمْ لَا يَسْمَعُوا دُعَاءَكُمْ وَلَوْ سَمِعُوا مَا اسْتَجَابُوا لَكُمْ وَيَوْمَ الْقِيَامَةِ يَكْفُرُونَ بِشِرْكِكُمْ وَلَا يُنَبِّئُكَ مِثْلُ خَبِيرٍ (14)

നിങ്ങളവരെ വിളി(ച്ചു പ്രാർത്ഥി)ക്കുന്നപക്ഷം, അവർ നിങ്ങളുടെ വിളി കേൾക്കുകയില്ല; അവർ കേട്ടാലും, അവർ നിങ്ങൾക്കു ഉത്തരംചെയ്കയുമില്ല. ഖിയാമത്തുനാളിലാകട്ടെ, നിങ്ങളുടെ (ഈ) ശിർക്കിനെ അവർ നിഷേധിക്കുകയും ചെയ്യും. (മനുഷ്യാ) സൂക്ഷ്മജ്ഞാനിയെപ്പോലെയുള്ള ഒരാൾ നിനക്കു വർത്തമാനമറിയിക്കുവാനില്ല.

## സംഗ്രഹം :

ഈ അദ്ധ്യായത്തിലെ അഞ്ചാം വചനത്തിൽ പ്രാർഥന എന്നും (دُعَـــاء) എന്നും അതേ, കാര്യത്തെ സംബന്ധിച്ച് ആറാം വചനത്തിൽ ഇബാദത്ത് (عِـــبَادَة) അഥവാ ആരാധനയെന്നും പറഞ്ഞിരിക്കുന്നു. പ്രാർത്ഥന ആരാധനയാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം. "പ്രാർത്ഥന അത് തന്നെയാണ് ആരാധന എന്ന്" (الدُعاءُ هو العِبادَة) എന്ന് പ്രാവചകൻ പറഞ്ഞിട്ടുണ്ടല്ലോ.

സൂറത്തു മാഇദയിലെ 116,117 വചനങ്ങളിൽ നിന്നും അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്നവർ അവരെ ഇലാഹാക്കുകയാണെന്ന് അല്ലാഹു തആല വ്യക്തമാക്കി. അപ്പോൾ മലക്കുകകൾ ,ജിന്നുകൾ, പ്രവാചകന്മാർ, ഔലിയാക്കൾ എന്നിവരെ വിളിച്ച് പ്രാർഥിക്കുന്നവർ അവരെ ആരാധിക്കുകയാണെന്നും അത് വഴി അവരെ ഇലാഹാക്കുകയാണെന്നും വളരെ വ്യക്തമായി. ലാ ഇലാഹ ഇല്ലല്ലാഹ് (لا إلـــه الا الله) എന്ന കലിമത്തിനെതിരാണ് അല്ലാഹുവല്ലാത്തവരോട് പ്രാർഥിക്കൽ എന്ന് ഈ ഖുർആനിക വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

## വചനം – 7

﴿ وَإِذَا تُتْلَى عَلَيْهِمْ آيَاتُنَا بَيِّنَاتٍ قَالَ الَّذِينَ كَفَرُوا لِلْحَقِّ لَمَّا جَاءَهُمْ هَذَا سِحْرٌ مُبِينٌ (7)

നമ്മുടെ 'ആയത്തുകൾ' അവർക്ക് സുവ്യക്തമായ നിലയിൽ ഓതിക്കേൾപ്പിക്കപ്പെടുന്നതായാൽ, യഥാർത്ഥം തങ്ങൾക്ക് വന്നെത്തുന്ന അവസരത്തിൽ, അതിനെക്കുറിച്ച് (ആ) അവിശ്വസിച്ചവർ പറയും : 'ഇതൊരു പ്രത്യക്ഷമായ ജാലമാണ്' എന്ന്!

---

● **വാക്കർത്ഥം:**

| | |
|---|---|
| പാരായണം ചെയ്യുക | تَلَا – يَتْلُو – تِلَاوَةً |
| വരിക, വന്നു ചേരുക | جَاءَ – يَجِيءُ – جِئْ – جَيْئَةً وجِيئةً |

### ഈ വചനത്തിൽ അടങ്ങിയ ആശയങ്ങൾ

(1) **അല്ലാഹുവിന്റെ വചനങ്ങൾ ആശയക്കുഴപ്പമില്ലാത്തതും അങ്ങേയറ്റം വ്യക്തമായതുമാണ്.**

(2) **ഖുർആൻ ജാലവിദ്യ ആണെന്ന് സത്യനിഷേധികൾ മാത്രമേ പറയുകയുള്ളൂ.**

(3) **ഹൃദയങ്ങളെ മാറ്റിമറിക്കാൻ കഴിവുള്ള പരിശുദ്ധ ഖുർആനിന്റെ ശൈലിയെ അംഗീകരിക്കാൻ കഴിതാവുമ്പോൾ ഖുർആനിനെതിരെ ആരോപണങ്ങൾ ഉന്നയിക്കൽ സത്യനിഷേധികളുടെ സ്ഥിരം പതിവാണ്.**

## ചില ആയത്തുകൾ ശ്രദ്ധിക്കുക:

📕 [الذاريات: 52 - 56]

{كَذَلِكَ مَا أَتَى الَّذِينَ مِنْ قَبْلِهِمْ مِنْ رَسُولٍ إِلَّا قَالُوا سَاحِرٌ أَوْ مَجْنُونٌ (52) أَتَوَاصَوْا بِهِ بَلْ هُمْ قَوْمٌ طَاغُونَ (53) فَتَوَلَّ عَنْهُمْ فَمَا أَنْتَ بِمَلُومٍ (54) وَذَكِّرْ فَإِنَّ الذِّكْرَى تَنْفَعُ الْمُؤْمِنِينَ (55) }

അപ്രകാരം (തന്നെ ) ഇവരുടെ മുമ്പുള്ളവർക്കു ഒരു റസൂലും തന്നെ വരികയുണ്ടായില്ല (ഇവൻ) ഒരു ജാലവിദ്യക്കാരനാണു അല്ലെങ്കിൽ ഭ്രാന്തനാണ് എന്നു അവർ പറയാതെ! ഇതിനെപ്പറ്റി അവർ അന്യോന്യം വസ്വിയത്ത് (അഥവാ സദുപദേശം) ചെയ്തിരിക്കുകയാണോ?! (ഇല്ല) എങ്കിലും അവർ അതിക്രമികളായ ജനങ്ങളാകുന്നു. ആകയാൽ, നീ അവരിൽനിന്നു (തിരിഞ്ഞു )മാറിക്കൊള്ളുക. എന്നാൽ, നീ ആക്ഷേപിക്കപ്പെടുന്നവനല്ല. (ഉപദേശം നൽകി)ഓർമിപ്പിക്കുകയും ചെയ്യുക. നിശ്ചയമായും ഓർമിപ്പിക്കൽ [ഉപദേശം] സത്യവിശ്വാസികൾക്കു ഫലം ചെയ്യും.

### ● വിശദീകരണം:

എന്താണ് ആയത്ത് എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്?

**ഉത്തരം:**

ആയത്ത് (آيَةٌ) എന്ന വാക്കിനു അടയാളം, വചനം, ദൃഷ്ടാന്തം എന്നെല്ലാം അർത്ഥമുണ്ട്. آيَة എന്ന് പറഞ്ഞാൽ حُجَّة എന്നാണ് പൂർവികരായ പല മഹാന്മാരും അർത്ഥം നൽകിയിട്ടുള്ളത്. തെളിവ് എന്നാണു അത് അർത്ഥമാക്കുന്നത്. അഥവാ അല്ലാഹു ഉണ്ടെന്നും അവൻ നമ്മെ പ്രവാചകന്മാരിലൂടെയും വേദഗ്രന്ഥങ്ങളിലൂടെയും

പഠിപ്പിച്ചതെല്ലാം സത്യമാണ് എന്നും തെളിയിക്കുന്ന തെളിവുകൾക്കും അടയാളങ്ങൽക്കുമാണ് ആയത്തുകൾ എന്ന് പറയുന്നത്.

**അതിനാൽ ആയത്തുകൾ രണ്ടു വിധമുണ്ട് :**

**ഒന്ന്: പ്രാപഞ്ചിക പ്രതിഭാസങ്ങൾ:** ഈ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും അല്ലാഹുവിന്റെ അസ്ഥിത്വത്തിനും അവന്റെ എകത്വത്തിന്നും അവന്റെ ഔന്യത്യത്തിനും തെളിവാണ്. (2:164,3;190)

**രണ്ട്: വേദ വാക്യങ്ങൾ:** ഖുർആനിലെ ഓരോ വചനങ്ങളും അല്ലാഹുവിന്റെ മഹത്വത്തെ നമുക്ക് മനസ്സിലാക്കി തരുന്നു. അവൻ പ്രതാപിയും എല്ലാം അറിയുന്നവനും ഹിക്മത്തുള്ളവനും തെറ്റുകൾക്കതീതനുമാണ് എന്ന് ഓരോ ആയത്തുകളും നമുക്ക് മനസ്സിലാക്കി തരുന്നു. (11:1,41:3)

## വചനം – 8

أَمْ يَقُولُونَ افْتَرَاهُ قُلْ إِنِ افْتَرَيْتُهُ فَلَا تَمْلِكُونَ لِي مِنَ اللهِ شَيْئًا هُوَ أَعْلَمُ بِمَا تُفِيضُونَ فِيهِ كَفَى بِهِ شَهِيدًا بَيْنِي وَبَيْنَكُمْ وَهُوَ الْغَفُورُ الرَّحِيمُ (8)

**അതല്ല,'ഇതു അവന്‍ [നബി] കെട്ടിച്ചമച്ചിരിക്കയാണെന്നു അവര്‍ പറയുന്നുവോ? (അവരോടു) പറയണം: 'ഞാനിതു കെട്ടിച്ചമച്ചിരിക്കുകയാണെങ്കില്‍, അല്ലാഹുവില്‍ നിന്നു (ഉണ്ടാകുന്ന) യാതൊന്നും എനിക്കുവേണ്ടി (നേരിടുവാന്‍) നിങ്ങള്‍ക്കു സാധ്യമാകുന്നതല്ല. നിങ്ങള്‍ യാതൊന്നില്‍ മുഴുകി പ്രവേശിച്ചുകൊണ്ടിരിക്കുന്നുവോ അതിനെപ്പറ്റി അവന്‍ ഏറ്റവും അറിയുന്നവനാണ്. അവന്‍ മതി, എനിക്കും നിങ്ങള്‍ക്കുമിടയില്‍ സാക്ഷിയായിട്ട്. അവന്‍, വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവനുമത്രെ.**

---

**വാക്കര്‍ത്ഥങ്ങള്‍:**

| അര്‍ത്ഥം | مصدر | مضارع | ماضى |
|---|---|---|---|
| പറയുക | قَولًا | يَقُولُ | قَالَ |
| കെട്ടിച്ചമക്കുക | افْتِرَاءً | يَفْتَرِى | افْتَرَى |
| ഉടമപ്പെടുത്തുക | مُلْكًا | يَمْلِكُ | مَلَكَ |
| മുഴുകുക, ഇടപെടുക | إفاضَةً | يُفيض | أفاضَ |
| മതിയാവുക | كِفايَةً | يَكفِي | كفَى |
| സാക്ഷിയാവുക | شهادَةً | يَشهَد | شَهِدَ |

## ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങൾ :

1) സൃഷ്ടികളുടെ വിഷയത്തിൽ പോലും ഒരിക്കലും കളവു പറയാത്ത പ്രവാചകൻ സ്രഷ്ടാവായ അല്ലാഹുവിന്റെ പേരിൽ കളവു പറയുകയേ ഇല്ല.
2) അല്ലാഹുവിന്റെ പേരിൽ പ്രവാചകൻ കെട്ടിച്ചമച്ച് പറഞ്ഞാൽ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് അദ്ധേഹത്തെ രക്ഷപ്പെടുത്താൻ ആർക്കും സാധ്യമല്ല. ഈ ആശയത്തിന് ഖുർആനിലെ മറ്റൊരു വചനം സാക്ഷിയാണ്.

وَلَوْ تَقَوَّلَ عَلَيْنَا بَعْضَ الْأَقَاوِيلِ (44) لَأَخَذْنَا مِنْهُ بِالْيَمِينِ (45) ثُمَّ لَقَطَعْنَا مِنْهُ الْوَتِينَ (46) فَمَا مِنكُم مِّنْ أَحَدٍ عَنْهُ حَاجِزِينَ (47)

[الحاقة: 44 – 47]

അദ്ദേഹം [റസൂൽ] നമ്മുടെ പേരിൽ വല്ല വാക്കുകളും കെട്ടിപ്പറഞ്ഞിരുന്നുവെങ്കിൽ;- അദ്ദേഹത്തെ നാം വലങ്കൈകൊണ്ട് പിടി(ച്ചു ശിക്ഷി)ക്കുമായിരുന്നു! - പിന്നിട്, അദ്ദേഹത്തിൽനിന്നു (ഹൃദയത്തിലെ) ജീവനാഡിയെ നാം മുറിക്കുകയും ചെയ്യുമായിരുന്നു! അപ്പോൾ, നിങ്ങളിൽ ഒരാളും തന്നെ അദ്ദേഹത്തിൽ നിന്ന് (അത്) തടയുന്നവരായി ഉണ്ടാവുകയില്ല.

3) ഖുർആനിനെതിരെ സത്യനിഷേധികൾ സംസാരിച്ച് കൊണ്ടിരിക്കുന്നതിനു അല്ലാഹു സാക്ഷിയാണ്. അവൻ എല്ലാം അറിയുന്നവനാണ്. വേണ്ട ശിക്ഷാനടപടികൾ അവൻ സ്വീകരിച്ചു കൊള്ളും.
4) അല്ലാഹു തആല ഏറെ പൊറുക്കുന്നവനും അങ്ങേയറ്റം കരുണ കാണിക്കുന്നവനുമാണ്.

{وَهُوَ الْغَفُورُ الرَّحِيمُ} ഇവിടെ അല്ലാഹുവിന്റെ രണ്ടു നാമങ്ങളാണ് നാം കാണുന്നത്.

ഒന്ന് الْغَفُورُ ,മറ്റൊന്ന് الرَّحِيمُ.

الْـغَفُور എന്നാൽ ذُو مَـغْفِرة എന്നാണു അർത്ഥം. മഗ്ഫിറത്ത് നൽകുന്നവൻ അഥവാ പാപങ്ങൾ പൊറുക്കുന്നവൻ എന്നാണു അർത്ഥം.സൃഷ്ടികളുടെ അഖില പാപങ്ങളും അവർ പശ്ചാത്തപിച്ചാൽ പൊറുക്കുന്നവനാണ് അല്ലാഹു. ഒരു തെളിവ് കാണുക.

قُلْ يَا عِبَادِيَ الَّذِينَ أَسْرَفُوا عَلَى أَنْفُسِهِمْ لَا تَقْنَطُوا مِنْ رَحْمَةِ اللَّهِ
إِنَّ اللَّهَ يَغْفِرُ الذُّنُوبَ جَمِيعًا إِنَّهُ هُوَ الْغَفُورُ الرَّحِيمُ (53)

[الزمر: 53، 54]

(നബിയെ, എന്റെ അടിയൻമാരോട് ഞാൻ പ്രസ്താവിച്ചതായി) പറയുക: 'തങ്ങളുടെ (സ്വന്തം) ആത്മാക്കളോട് അതിരു കവിഞ്ഞു പോയിട്ടുള്ള എന്റെ അടിയാൻമാരേ ,നിങ്ങൾ അല്ലാഹുവിന്റെ കാരുണ്യത്തെ സംബന്ധിച്ച് നിരാശപ്പെട്ടുപോകരുത്! നിശ്ചയമായും അല്ലാഹു പാപങ്ങളെ മുഴുവനും പൊറുക്കുന്നതാകുന്നു. നിശ്ചയമായും അവൻ തന്നെയാണ് വളരെ പൊറുക്കുന്നവനും, കരുണാനിധിയുമായുള്ളവൻ.

الـرَّحِـيمُ എന്ന് പറഞ്ഞാൽ ذو الـرَّحْـمة അഥവാ കാരുണ്യം കാണിക്കുന്നവൻ. സൃഷ്ടികളോട് അങ്ങേയറ്റം കരുണ കാണിക്കുന്നവനാണ് അല്ലാഹു. ഈ രണ്ടു നാമങ്ങൾ ചേർത്തു പറയാനുള്ള കാരണങ്ങളിൽ ഒന്ന് അല്ലാഹു മാപ്പ് നൽകുന്നത് അവന്റെ ദുർബലതകൊണ്ടല്ല മറിച്ച് അവന്റെ കാരുണ്യം കൊണ്ടാണ് എന്ന് മനുഷ്യരെ ബോധ്യപ്പെടുത്തലാണ്. അല്ലാഹു പ്രതാപിയും ശക്തമായി ശിക്ഷിക്കുന്നവനുമത്രേ. സത്യ നിഷേധികൾക്ക് അവൻ പശ്ചാത്തപിക്കാൻ അവസരം നൽകുന്നു.

## വചനം – 9

قُلْ مَا كُنْتُ بِدْعًا مِنَ الرُّسُلِ وَمَا أَدْرِي مَا يُفْعَلُ بِي وَلَا بِكُمْ إِنْ أَتَّبِعُ إِلَّا مَا يُوحَى إِلَيَّ وَمَا أَنَا إِلَّا نَذِيرٌ مُبِينٌ (٩)

(നബിയേ) പറയുക: 'ഞാന്‍ റസൂലുകളില്‍നിന്നും (പുതുതായി വന്ന ) ഒരു പുത്തനല്ല. എന്നെക്കൊണ്ടാകട്ടെ, നിങ്ങളെക്കൊണ്ടാകട്ടെ എന്തു ചെയ്യപ്പെടുമെന്ന് എനിക്കു അറിയുകയുമില്ല. എനിക്കു വഹ്‌യ് [ദിവ്യബോധനം] നല്‍കപ്പെടുന്നതിനെയല്ലാതെ ഞാന്‍ പിന്‍പറ്റുന്നില്ല. ഞാന്‍, സ്പഷ്ടമായ ഒരു താക്കീതുകാരനല്ലാതെ (മറ്റൊന്നും) അല്ല.

---

### വാക്കര്‍ത്ഥങ്ങള്‍:

| അര്‍ത്ഥം | مَصْدَر | مُضارِع | مَاضى |
|---|---|---|---|
| പുതുതായി ആരംഭിക്കല്‍ | بَدْعًا | يَبدَع | بَدَعَ |
| അറിയല്‍ | إِدْرَاءً | يُدْرِى | أَدْرَى |
| പ്രവര്‍ത്തിക്കല്‍ | فِعْلًا | يَفْعَلُ | فَعَلَ |
| പിന്തുടരുക | اِتِّبَاعًا | يَتَّبِعُ | اِتَّبَعَ |
| ദിവ്യസന്ദേശം നല്‍കല്‍ | إِيحَاءً | يُوحى | أَوّحَى |
| താക്കീത് നല്‍കല്‍ | إِنْذَارًا | يُنْذِرُ | أَنْذَرَ |

### ഈ വചനത്തില്‍ അടങ്ങിയ ആശയങ്ങള്‍:

1) മുഹമ്മദ് നബി പുതിയ ആശയവുമായി കടന്നു വന്ന പുതിയ പ്രവാചകനല്ല. മറിച്ച് അദ്ദേഹത്തിനു മുൻപും ഒരുപാട് ദൂതന്മാർ കടന്നു പോയിട്ടുണ്ട്. അവർ പറഞ്ഞ അതേ കാര്യം തന്നെയാണ് മുഹമ്മദ് നബിയും പറഞ്ഞിട്ടുള്ളത്. അതാണ് തൗഹീദ്.

2) പ്രവാചകന് ഗൈബ് ( അദൃശ്യമായാത്) അറിയില്ല.

3) പ്രവാചകൻ തന്നിഷ്ടപ്രകാരം സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്യില്ല. എല്ലാം വഹ്‌യിന്റെ അടിസ്ഥാനത്തിൽ മാത്രം.

4) മുഹമ്മദ് നബി ഒരു താക്കീതുകാരൻ മാത്രമാണ്. ജനങ്ങളെ നിർബന്ധിക്കൽ പ്രവാചകന്റെ ഉത്തരവാദിത്തമല്ല. എന്നാൽ അവിശ്വാസികൾക്ക് കടുത്ത ശിക്ഷയുണ്ടെന്നു അദ്ദേഹം താക്കീത് നൽകുന്നു.

<u>പ്രത്യേകം ശ്രദ്ധിക്കുക:</u>

സൃഷ്ടികളിൽ ശ്രേഷ്ഠനായ മുഹമ്മദ് നബി പോലും വഹ്’യിന്റെ അടിസ്ഥാനത്തിലല്ലാതെ പ്രവർത്തിക്കുന്നില്ലെങ്കിൽ ആ പ്രവാചകൻ പഠിപ്പിക്കാത്ത ഒരു കാര്യവും വിശ്വസിക്കുവാനോ പ്രവർത്തിക്കുവാനോ വിശ്വാസികൾക്ക് പാടുള്ളതല്ല. മതത്തിൽ പുതുതായി ഉണ്ടാക്കപ്പെടുന്ന പുത്തൻ ആചാരങ്ങളെ അഥവാ ബിദ്അത്തുകളെ അവർ തള്ളിക്കളയേണ്ടതാണ്.

ഉദാഹരണം: നബി (സ) യുടെ ജന്മദിനാഘോഷം.

ഈ ആയത്തിന്റെ തഫ്സീറിൽ ഇബ്നു കസീർ (റ) പറഞ്ഞ ശ്രദ്ധേയമായ ഒരു പരമാർശമുണ്ട്.

تفسير ابن كثير ت سلامة (7/ 277)

وَفِي هَذَا وَأَمْثَالِهِ دَلَالَةٌ عَلَى أَنَّهُ لَا يُقْطَعُ لِمُعَيَّنٍ بِالْجَنَّةِ إِلَّا الَّذِي (6) نَصَّ الشَّارِعُ عَلَى تَعْيِينِهِمْ،

“ദിവ്യ വെളിപാടുകളുടെ അടിസ്ഥാനത്തിലല്ലാതെ ഏതെങ്കിലും ഒരു വ്യക്തി സ്വർഗ്ഗത്തിലാണെന്ന് അയാളുടെ പേരെടുത്ത് പറഞ്ഞു കൊണ്ട് നമുക്ക് പറയാൻ പാടില്ല.”

## വചനം – 10

{قُلْ أَرَأَيْتُمْ إِنْ كَانَ مِنْ عِنْدِ اللهِ وَكَفَرْتُمْ بِهِ وَشَهِدَ شَاهِدٌ مِنْ بَنِي إِسْرَائِيلَ عَلَى مِثْلِهِ فَآمَنَ وَاسْتَكْبَرْتُمْ إِنَّ اللهَ لَا يَهْدِي الْقَوْمَ الظَّالِمِينَ (10)

(നബിയേ) പറയുക: 'നിങ്ങള്‍ കണ്ടുവോ, ഇതു [ഖുര്‍ആന്‍] അല്ലാഹുവിന്റെ പക്കല്‍നിന്നായിരിക്കുകയും, അതില്‍ നിങ്ങള്‍ അവിശ്വസിക്കുകയുമാണെങ്കില്‍, ഇതു പോലെയുള്ളതില്‍ ഇസ്‌റാഈല്‍ സന്തതികളില്‍ നിന്ന് ഒരു സാക്ഷി സാക്ഷ്യം വഹിക്കുകയും, അങ്ങനെ അയാള്‍ അതില്‍ വിശ്വസിക്കുകയും, നിങ്ങള്‍ (വിശ്വസിക്കാതെ) അഹംഭാവം നടിക്കുകയും ചെയ്തു (വെങ്കില്‍)? അപ്പോള്‍ നിങ്ങള്‍ [തനിഅക്രമികളല്ലേ?!]. നിശ്ചയമായും, അക്രമികളായ ജനതയെ അല്ലാഹു നേര്‍മാര്‍ഗ്ഗത്തിലാക്കുകയില്ല."

---

### വാക്കര്‍ഥങ്ങള്‍:

| അര്‍ത്ഥം | المصدر | المضارع | الماضي |
|---|---|---|---|
| സാക്ഷിയാവുക | شَهادَةً | يَشْهَدُ | شَهِدَ |
| അഹങ്കരിക്കുക | اسْتِكْبارًا | يَسْتكْبِرُ | اسْتَكْبَرَ |
| സന്മാര്‍ഗം കാണിക്കല്‍ | وهَدْيًا وهِداية | يَهدي | هدَى |
| അക്രമം കാണിക്കല്‍ | ظالمٌ | يظلِم | ظلَمَ |

## ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങൾ

1) വേദത്തിൽ നിന്നും ശരിയായ അറിവ് നൽകപ്പെട്ടവർ (ഉദാ:- അബ്ദുല്ലാഹി ബ്നു സലാം) പരിശുദ്ധ ഖുർആനിനെ സത്യപ്പെടുത്തുകയും അതിൽ വിശ്വസിക്കുകയും ചെയ്യുന്നു. എന്നിരിക്കെ അറിവില്ലാത്തവരുടെ ഖുർആനിക വിമർശനം പരിഗണന അർഹിക്കുന്നില്ല.
2) സത്യത്തെ ബോധ്യപ്പെട്ടതിനു ശേഷവും അംഗീകരിക്കാതിരിക്കൽ അഹങ്കാരമാകുന്നു.
3) സത്യം മനസ്സിലാക്കാൻ ആത്മാർഥമായി ആഗ്രഹിക്കാത്ത അക്രമികൾക് അല്ലാഹു തആല ഹിദായത്ത് നൽകുകയില്ല.

## വചനം – 11

وَقَالَ الَّذِينَ كَفَرُوا لِلَّذِينَ آمَنُوا لَوْ كَانَ خَيْرًا مَا سَبَقُونَا إِلَيْهِ وَإِذْ لَمْ يَهْتَدُوا بِهِ فَسَيَقُولُونَ هَذَا إِفْكٌ قَدِيمٌ (١١)

അവിശ്വസിച്ചവർ വിശ്വസിച്ചവരെക്കുറിച്ചു പറയുകയാണ് ; 'ഇതൊരു നല്ല കാര്യമായിരുന്നുവെങ്കിൽ, ഇതിലേക്ക് ഇവർ ഞങ്ങളെ മുൻകടന്നു വരുകയില്ലായിരുന്നു.' അവർ ഇതുമൂലം സന്മാർഗ്ഗം പ്രാപിച്ചിട്ടില്ലാത്ത സ്ഥിതിക്ക് അവർ പറഞ്ഞേക്കും: 'ഇതൊരു പഴക്കം ചെന്ന നുണയാണ്' എന്ന്.

---

### വാക്കർഥങ്ങൾ:

| അർത്ഥം | المصدر | المضارع | الماضى |
|---|---|---|---|
| മുൻകടക്കുക | سَبْقًا | يَسبُق وَ يَسبِق | سبَقَ |
| നേർമാർഗ്ഗത്തിലാവുക | اهْتِدَاءً | يَهْتَدِي وَ يَهِدِّي | اهْتَدَى |

### ഈ ആയത്തിൽ നിന്നും ലഭിക്കുന്ന ആശയങ്ങൾ.

1) ഞങ്ങൾ മറ്റുള്ളവരേക്കാൾ മുന്തിയവരാണെന്ന ചിന്ത എക്കാലഘട്ടത്തിലും പല പ്രമാണിമാരെയും സത്യത്തിൽ നിന്ന് അകറ്റിയിട്ടുണ്ട്.
2) സന്മാർഗ്ഗത്തിന്റെ മധുരം ആസ്വദിക്കാത്തവർ എന്നും അതിനെ തള്ളിപ്പറയും.

## വിലയേറിയ ചിന്തകൾ :

യുക്തിയും ബുദ്ധിയുമുണ്ടെങ്കിൽ അവർ മതത്തേയും വേദഗ്രന്ഥങ്ങളെയും തള്ളിപ്പറയുമെന്ന യുക്തിവാദികളുടെ വാദം നിലനിൽപ്പില്ലാത്തതാണ്. കാരണം തെളിഞ്ഞ യുക്തിയും ബുദ്ധിയുമുള്ള, ശാസ്ത്രത്തിൽ നന്നായി അറിവുള്ള മഹാഭൂരിപക്ഷമാളുകളും മതവിശ്വാസികൾ ആണ്. ഈ അദ്ധ്യായത്തിലെ പത്താം വചനത്തിൽ നിന്ന് ഈ ഒരാശയം കൂടി നമുക്ക് മനസ്സിലാക്കാം. തറവാടിത്തമോ സമ്പത്തോ ഉള്ളവർക്കേ സത്യവും അസത്യവും മനസ്സിലാക്കാൻ കഴിയൂ എന്ന വാദം തെളിവുകൾക്കെതിരാണ്. നബി (സ) യിൽ വിശ്വസിച്ച മഹാഭൂരിപക്ഷമാളുകളും സാധുക്കളും അടിമകളുമായിരുന്നു. അതിനെ നിഷേധിച്ചവരിൽ വലിയ പങ്കും പ്രമാണിമാരും. ചിന്തിക്കുക!

ഈ അദ്ധ്യായത്തിലെ പതിനൊന്നാമത്തെ ആയത്തിന്റെ വിശദീകരണത്തിൽ അല്ലാമാ ഇബ്നു കസീർ (റ) പറഞ്ഞ വാചകം ശ്രദ്ധേയമാണ്. അതിങ്ങനെ വായിക്കാം.

وَأَمَّا أَهْلُ السُّنَّةِ (5) وَالْجَمَاعَةِ فَيَقُولُونَ فِي كُلِّ فِعْلٍ وَقَوْلٍ لَمْ يَثْبُتْ عَنِ الصَّحَابَةِ: هُوَ بِدْعَةٌ؛ لِأَنَّهُ لَوْ كَانَ خَيْرًا لسبقونا إليه، لأنهم لَمْ يَتْرُكُوا خَصْلَةً مِنْ خِصَالِ الْخَيْرِ إِلَّا وَقَدْ بَادَرُوا إِلَيْهَا

സ്വഹാബികളിൽ നിന്ന് സ്ഥിരപ്പെടാത്ത ഏതൊരു വാക്കും പ്രവർത്തിയും ബിദ്അത്താണെന്നതാണ് അഹ്ലുസ്സുന്നയുടെ നിലപാട്. കാരണം പുതുതായി ഉണ്ടാക്കപ്പെട്ട അത്തരം കാര്യങ്ങളിൽ വല്ല നന്മയുമുണ്ടായിരുന്നെങ്കിൽ അവർ അതിൽ മുൻകടക്കുമായിരുന്നു. നന്മയിൽ പെട്ട ഒരു കാര്യത്തിലും അവർ മത്സരിക്കാതിരുന്നിട്ടില്ല.

## വചനം – 12

وَمِنْ قَبْلِهِ كِتَابُ مُوسَى إِمَامًا وَرَحْمَةً وَهَذَا كِتَابٌ مُصَدِّقٌ لِسَانًا عَرَبِيًّا لِيُنْذِرَ الَّذِينَ ظَلَمُوا وَبُشْرَى لِلْمُحْسِنِينَ (12)

(ജനങ്ങൾക്ക്) നേതൃത്വം നൽകുന്നതായും,കാരുണ്യമായും കൊണ്ട് മൂസായുടെ ഗ്രന്ഥം ഇതിനുമുമ്പുണ്ട്. അറബിഭാഷയായിക്കൊണ്ട് (അതിനെ ശരിവെച്ച്) സത്യമാക്കുന്ന ഒരു ഗ്രന്ഥമത്രെ ഇതും. അക്രമം പ്രവർത്തിച്ചവരെ താക്കീതു ചെയ്യുവാൻ വേണ്ടിയും, സുകൃതം ചെയ്യുന്നവർക്ക് സന്തോഷവാർത്തയായിക്കൊണ്ടും.

---

### വാക്കർഥങ്ങൾ:

| അർത്ഥം | المصدر | المضارع | الماضي |
|---|---|---|---|
| സത്യപ്പെടുത്തുക | تَصْديقًا | يُصدِّق | صدَّقَ |
| താക്കീത് നൽകുക | إنْذارًا | يُنْذِرُ | أَنذَرَ |
| സുകൃതം ചെയ്യുക | إحسانًا | يُحْسِن | أَحْسَنَ |

### ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ചില ആശയങ്ങൾ :

1) ഉള്ളടക്കത്തിലും ശൈലിയിലും ഖുർആനും തൌറാത്തും തമ്മിൽ സാമ്യതയുണ്ട്. മൂസാ നബിയും മുഹമ്മദ് നബിയും തമ്മിൽ സാമ്യതയുള്ളത് പോലെ.

2) തൌറാത്ത് പോലെ തന്നെ ഖുർആൻ ഇമാമും റഹ്മത്തുമാണ്.
3) വിശുദ്ധ ഖുർആൻ പൂർവ്വ പ്രവാചകന്മാരേയും വേദഗ്രന്ഥങ്ങളെയും സത്യപ്പെടുത്തുന്നു.
4) ഏതൊരു നാട്ടിലേക്കും ആ നാട്ടുകാർക്ക് മനസ്സിലാവുന്ന ഭാഷയിൽ സംസാരിക്കുന്ന പ്രവാചകനും അവരുടെ ഭാഷയിൽ തന്നെയുള്ള വേദഗ്രന്ഥവുമാണ് അവതരിക്കപ്പെട്ടിട്ടുള്ളത്. എങ്കിലേ താക്കീതുകളും സന്തോഷ വാർത്തയും ഉപകാരപ്പെടുകയുള്ളൂ.

## ചില വിശദീകരണങ്ങൾ :

## എന്താണ് ഇഹ്സാൻ?

താൻ അല്ലാഹുവിനെ കാണുന്നുണ്ട് എന്ന ബോധത്തോടെയോ ഇനി ആ പദവിയിൽ എത്തിയിട്ടില്ലെങ്കിൽ അല്ലാഹു തന്നെ കാണുന്നുണ്ട് എന്ന ബോധാത്തോടെയോ അല്ലാഹുവിനു ഇബാദത്ത് ചെയ്യലാണ് ഇഹ്സാൻ.

ഒരു കാര്യം ഇസ്‌ലാമിൽ സൽകർമമായിത്തീരണമെങ്കിൽ അതിനു രണ്ടു റുക്നുകൾ (പ്രധാനപ്പെട്ട തൂണുകൾ ) ആവശ്യമാണ്.

ഒന്ന്: അല്ലാഹുവിന്റെ പ്രതിഫലം മാത്രം ആഗ്രഹിച്ച് ചെയ്യണം.

രണ്ട്: പ്രവാചകന്റെ സുന്നത്തനുസരിച്ച് ചെയ്യണം.

## ഇമാം എന്നാൽ എന്ത്?

നേതൃത്വം നൽകുന്നത്, വഴികാട്ടി, മാതൃക എന്നൊക്കെയാണ് ഈ വാക്കിന്റെ അർത്ഥം. ഖുർആനും തൌറാത്തും ഇമാമാണ് എന്ന് പറഞ്ഞാൽ ജനങ്ങൾക്ക് വഴികാണിക്കുന്നത് എന്നാണു അർത്ഥം. അതിനാൽ തന്നെ നാം ഖുർആനിനെ പിൻപറ്റുമ്പോൾ മാത്രമാണ് ഖുർആൻ യഥാർഥത്തിൽ നമുക്ക് ഇമാമായിത്തീരുന്നത്.

## ഖുർആൻ റഹ്മത്താണ് എന്ന് പറഞ്ഞാൽ എന്താണ്?

പരമകാരുണികനായ അല്ലാഹു അവന്റെ കാരുണ്യത്തിന്റെ അടയാളമായി നൽകിയതാണ് ഖുർആൻ. ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ കാരുണ്യം നമുക്ക് ലഭിക്കണമെങ്കിൽ നാം ഖുർആൻ അനുസരിച്ച് ജീവിക്കണം. ഖുർആനിന്റെ വിധിവിലക്കുകൾ ജീവിതത്തിൽ നമുക്ക് സന്തോഷമേ നൽകുകയുള്ളൂ.

## വചനം – 13

إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا فَلَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ (13)

നിശ്ചയമായും, യാതൊരു കൂട്ടര്‍ ' ഞങ്ങളുടെ റബ്ബ് അല്ലാഹുവാണ് ' എന്ന് പറയുക [പ്രഖ്യാപിക്കുക]യും, പിന്നീടു ചൊവ്വിനു നിലകൊള്ളുകയും ചെയ്തുവോ, അവരുടെമേല്‍ യാതൊരു ഭയവും ഇല്ല; അവര്‍ വ്യസനിക്കുകയുമില്ല.

---

### വാക്കര്‍ത്ഥങ്ങള്‍:

| അര്‍ത്ഥം | المصدر | المضارع | الماضي |
|---|---|---|---|
| നേരെ ചൊവ്വേ നിലകൊള്ളുക | اسْتِقَامَةً | يَسْتَقِيمُ | اسْتَقَامَ |
| ഭയപ്പെടുക | خَوفًا | يَخَافُ | خَافَ |
| ദു:ഖിക്കുക | حُزْنًا | يَحْزُنُ | حَزَنَ |

### ഈ ആയത്തില്‍ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങള്‍:

1) رَبّ എന്ന് പറഞ്ഞാല്‍ സൃഷ്ടിക്കുകയും സംരക്ഷിക്കുകയും പോറ്റി വളര്‍ത്തുകയും ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നവന്‍ എന്നാണ് അര്‍ഥം. അത് അല്ലാഹു മാത്രമാണ്.

2) അല്ലാഹുവാണ് റബ്ബ് എന്ന് പറഞ്ഞു കഴിഞ്ഞാല്‍ പിന്നെ ഇസ്തിഖാമത്തോടു കൂടി മരണം വരെ ജീവിക്കണം.

3) അപ്രകാരം ജീവിക്കുന്നവർക്ക് ഭാവിയെ അഥവാ മരണാന്തര ജീവിതത്തെ സംബന്ധിച്ച് പേടിയോ ഈ ദുൻയാവിൽ വിട്ടേച്ച് പോവുന്നതിനെ സംബന്ധിച്ച് സങ്കടമോ ഉണ്ടാവുകയില്ല.

## ഒരു വിശദീകരണം:

ഇസ്തിഖാമത്തോടു കൂടി ജീവിക്കുക എന്ന് പറഞ്ഞാൽ അല്ലാഹുവിനെ മാത്രം ആരാധിച്ചു കൊണ്ടും അവനെ മാത്രം രക്ഷിതാവായി കണ്ടുകൊണ്ടും അവനോടു മാത്രം പ്രാർഥിച്ചുകൊണ്ടുമുള്ള ജീവിതമാണ്. ഒപ്പം അവൻ കൽപിച്ച കാര്യങ്ങൾ വിട്ടുപോവാതെ ചെയ്യുകയും അവൻ വിലക്കിയ കാര്യങ്ങളിൽ നിന്ന് മാറിനിൽക്കുകയും വേണം. ഇപ്രകാരം തന്റെ വിശ്വാസത്തോട് കൂറ് പുലർത്തിക്കൊണ്ടുള്ള ജീവിതത്തിനാണ് ഇസ്തികാമത്തോടു കൂടി ജീവിക്കുക എന്ന് പറയുന്നത്.

## വചനം – 14

{ أُولَئِكَ أَصْحَابُ الْجَنَّةِ خَالِدِينَ فِيهَا جَزَاءً بِمَا كَانُوا يَعْمَلُونَ (14) }

അക്കൂട്ടർ സ്വർഗ്ഗത്തിന്റെ ആൾക്കാരാകുന്നു - അതിൽ നിത്യവാസികളായ നിലയിൽ. (അതെ) അവർ പ്രവർത്തിച്ചിരുന്നതിനു (നൽകപ്പെടുന്ന) പ്രതിഫലമായിട്ട്!

---

### വാക്കർത്ഥം :

| | |
|---|---|
| കൂട്ടുകാരൻ,ഉടമസ്ഥൻ ,ആളുകള് | صَاحِبٌ (ج) أَصْحَابٌ |
| നിത്യതയുണ്ടാവുക | خَلَدَ - يَخْلُدُ - خَلْدًا و خُلُودًا |
| പ്രതിഫലം | جَزَاءٌ |
| പ്രവർത്തിക്കുക | عَمِلَ - يَعْمَلُ - عَمَلًا |

### ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങൾ

1) ഈമാനും ഇസ്തിഖാമത്തും ഉള്ളവർ മാത്രമാണ് സ്വർഗ്ഗാവകാശികൾ.

2) ഈമാനിൽ സ്ഥിരപ്രതിഷ്ഠയുണ്ടെങ്കിൽ അവർ സ്വർഗ്ഗത്തിലും സ്ഥിരതാമസക്കാരായിരിക്കും.

3) സ്വന്തം പ്രവർത്തനങ്ങൾ കാരണമാണ് ഒരാൾ സ്വർഗ്ഗത്തിലും നരകത്തിലുമാകുന്നത്.

## വചനം – 15

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ إِحْسَانًا حَمَلَتْهُ أُمُّهُ كُرْهًا وَوَضَعَتْهُ كُرْهًا وَحَمْلُهُ
وَفِصَالُهُ ثَلَاثُونَ شَهْرًا حَتَّى إِذَا بَلَغَ أَشُدَّهُ وَبَلَغَ أَرْبَعِينَ سَنَةً قَالَ رَبِّ أَوْزِعْنِي أَنْ
أَشْكُرَ نِعْمَتَكَ الَّتِي أَنْعَمْتَ عَلَيَّ وَعَلَى وَالِدَيَّ وَأَنْ أَعْمَلَ صَالِحًا تَرْضَاهُ
وَأَصْلِحْ لِي فِي ذُرِّيَّتِي إِنِّي تُبْتُ إِلَيْكَ وَإِنِّي مِنَ الْمُسْلِمِينَ (15)

മനുഷ്യനോട്, അവന്റെ മാതാപിതാക്കളിൽ നന്മ ചെയ്‌വാൻ നാം 'വസ്വിയ്യത്ത്' [ആജ്ഞാനിർദ്ദേശം] നൽകിയിരിക്കുന്നു. അവന്റെ ഉമ്മ [മാതാവു] വിഷമിച്ചുകൊണ്ട് അവനെ ഗർഭം ചുമന്നു; വിഷമിച്ചുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു. അവന്റെ ഗർഭ(കാല)വും, അവന്റെ (മുലകുടി മാറ്റിക്കൊണ്ടുള്ള) വേർപാടും (കൂടി) മുപ്പതു മാസമായിരിക്കും. അങ്ങനെ, അവൻ തന്റെ പൂർണ്ണശക്തി (അഥവാ ശക്തി പ്രായം) എത്തുകയും, നാല്പതു വയസ്സികൽ എത്തുകയും, ചെയ്താൽ അവൻ പറയുന്നതാണ്: 'എന്റെ റബ്ബേ! എന്റെ മേലും, എന്റെ മാതാപിതാക്കളുടെ മേലും നീ ചെയ്തു തന്നിട്ടുള്ള നിന്റെ അനുഗ്രഹത്തിനു നന്ദി ചെയ്‌വാനും, നീ തൃപ്തിപ്പെടുന്ന സൽകർമ്മം പ്രവർത്തിക്കുവാനും എനിക്ക് നീ പ്രചോദനം നൽകേണമേ! എന്റെ സന്തതികളിൽ എനിക്ക് നീ നന്മ വരുത്തിത്തരുകയും വേണമേ! നിശ്ചയമായും, ഞാൻ നിന്റെ അടുക്കലേക്കു പശ്ചാത്തപിച്ചു മടങ്ങിയിരിക്കുന്നു; ഞാൻ 'മുസ്‌ലിം'കളിൽ പെട്ടവനാകുന്നു.

---

### വാക്കർത്ഥം:

| | |
|---|---|
| ഉപദേശിക്കുക | أَوْصَى يُوصِي إِيصَاءً وَوَصَّى يُوصِي تَوْصِيَةً |
| വഹിക്കുക,ഗർഭം ചുമക്കുക | حَمَلَ – يَحْمِلُ – حَمْلاً و حُمْلانًا |

| | |
|---|---|
| വെറുക്കുക,പ്രയാസം സഹിക്കുക | كرِهَ –يَكرَه – كُرْهًا وكَرْهًا وكَراهةً |
| പ്രസവിക്കുക,ഭാരമിറക്കുക | وضَعَ – يضَع – وَضْعًا |
| എത്തിച്ചേരുക,പ്രായപൂർത്തിയാവുക | بلَغَ - يَبلُغ – بُلوغًا و بَلاغًا |
| വേർപെടുത്തുക ,നിർത്തുക | فصَلَ – يَفصِل –فَصْلاً و فصولاً و فِصالاً |
| തോന്നിപ്പിക്കുക | أوزعَ – يُوزع – إيزاعًا |
| നന്ദി കാണിക്കുക | شكَرَ – يَشكُر –شُكْرًا و شُكرانًا و شُكورًا |
| തൃപ്തിപ്പെടുക | رضِيَ –يَرضَى –رِضًا و رِضًى و رُضوانًا<br>و رِضوانًا و رِضاءً |
| അനുഗ്രഹം നൽകുക | أنْعَم – يُنعِمُ – إنْعَامًا |
| നന്നാക്കുക | أصلحَ – يُصلح – إصلاحًا |
| പശ്ചാത്തപിക്കുക | تابَ – يَتوب – تَوْبًا و تَوْبَةً |
| മുസ്ലിമാവുക(അനുസരണയുള്ളവനാവുക ) | أسلمَ – يُسلم – إسلامًا |

## ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങൾ:

1 ) മാതാപിതാക്കൾക്ക് നന്മ ചെയ്യണമെന്നത് അല്ലാഹു മനുഷ്യരുടെ മേൽ നിർബന്ധമായ രൂപത്തിൽ വസ്വിയ്യത്ത് നൽകിയിരിക്കുന്നു. അത് അല്ലാഹു മാതാപിതാക്കളോട് കാണിച്ചിട്ടുള്ള ഔദാര്യവും കാരുണ്യവുമാകുന്നു.

2) സന്താനങ്ങളുടെ വിഷയത്തിൽ മാതാപിതാക്കൾ സഹിച്ച ത്യാഗത്തിന്റെയും സഹനത്തിന്റെയും നന്ദിപൂർവമുള്ള പ്രത്യുപകാരമാണ് അവർക്ക് സുകൃതം ചെയ്തുകൊടുക്കുക എന്നത്.

3) ഏറ്റവും ചുരുങ്ങിയ ഗർഭ കാലഘട്ടം ആറു മാസമാണ്.

4) ഒരാളുടെ ശരീരത്തിനും മനസ്സിനും ഒരേപോലെ പക്വതയും പാകതയും വരുന്ന പ്രായമാണ് 40 വയസ്സ്.

5) അല്ലാഹുവിനു നന്ദി കാണിക്കാനും മറ്റെല്ലാ നന്മകളിലും മുന്നേറാനും അല്ലാഹുവിന്റെ തൌഫീഖ് അനിവാര്യമാണ്.

6) മാതാപിതാക്കൾക്ക് വേണ്ടിയുള്ള മക്കളുടെ പ്രാർഥനകളും ചില പ്രത്യേക കർമങ്ങളും അല്ലാഹു സ്വീകരിക്കുന്നതാണ്. ( ഉദാ:- ഹജ്ജ്, ഉംറ, കടമുള്ള സകാത്ത്, നോമ്പ്, നേർച്ച, മറ്റു കടങ്ങൾ, നിലനിൽക്കുന്ന സ്വദഖകളും മറ്റു ധാനധർമങ്ങളും.)

7) മക്കൾ ചെയ്യുന്ന എല്ലാ നന്മകളുടെയും ഒരോഹരി ഒട്ടും കുറയാതെ തന്നെ മാതാപിതാക്കൾക്ക് ലഭിക്കുന്നതാണ്. എന്നാൽ അവർ അവിശ്വാസികൾ ആണെങ്കിൽ ലഭിക്കുകയില്ല.

8) നമുക്ക് നന്നായി തോന്നുന്ന കർമങ്ങൾ അല്ല മറിച്ച് അല്ലാഹു തൃപ്തിപ്പെടുന്ന പ്രവർത്തനങ്ങൾ ആണ് വേണ്ടത്. അതിനു പ്രവാചകചര്യ മുറുകെ പിടിക്കലല്ലാതെ വേറെ നിർവാഹമില്ല.

9) സന്താനങ്ങൾ നല്ലവരായിത്തീരാൻ മാതാപിതാക്കൾ പ്രാർഥിക്കുകയും അതിനു വേണ്ടി പ്രവർത്തിക്കുകയും വേണം.

10) പക്വതയെത്തിക്കഴിഞ്ഞാൽ പിന്നെ തൗബ ചെയ്യൽ അനിവാര്യമാണ്.

11) തിന്മകളിൽ നിന്ന് മുക്തമായതിനു ശേഷം പിന്നെ പരിപൂർണമായും അല്ലാഹുവിനു കീഴൊതുങ്ങി ജീവിക്കൽ അനിവാര്യമാണ്.

## വചനം – 16

أُولَئِكَ الَّذِينَ نَتَقَبَّلُ عَنْهُمْ أَحْسَنَ مَا عَمِلُوا وَنَتَجَاوَزُ عَنْ سَيِّئَاتِهِمْ فِي أَصْحَابِ الْجَنَّةِ وَعْدَ الصِّدْقِ الَّذِي كَانُوا يُوعَدُونَ (16)

അങ്ങിനെയുള്ളവര്‍ യാതൊരു കൂട്ടരത്രെ, അവര്‍ പ്രവര്‍ത്തിച്ചിട്ടുള്ള നല്ലതിനെ അവരില്‍നിന്ന് നാം സ്വീകരിക്കുകയും, അവരുടെ തിന്മകളെ സംബന്ധിച്ച് നാം വിട്ടുക്കൊടുക്കുകയും ചെയ്യുന്നതാണ്. സ്വര്‍ഗ്ഗത്തിന്റെ ആള്‍ക്കാരിലായിരിക്കും (അവര്‍). (അതെ) അവരോടു ചെയ്യപ്പെട്ടിരുന്നതായ സത്യവാഗ്ദാനം?

---

### വാക്കര്‍ത്ഥം :

| | |
|---|---|
| സ്വീകരിക്കുക | تقبَّلَ – يتقبَّل – تقبُّلاً |
| വിട്ടുകൊടുക്കുക | تجاوزَ – يتجاوز – تجاوُزًا |
| വാഗ്ദത്തം നല്‍കുക | وعَدَ– يَعِد – عِدْ – وَعْدًا– وعِدَةً |

### ഈ ആയത്തില്‍ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങള്‍

1) ഈ അദ്ധ്യായത്തിലെ 15 ആം വചനത്തില്‍ വിശദീകരിച്ച ഗുണവിശേഷണങ്ങള്‍ ഉള്ളവര്‍ സ്വര്‍ഗ്ഗാവകാശികള്‍ ആയിരിക്കും.
2) അവരുടെ കര്‍മങ്ങള്‍ മാത്രമാണ് സ്വീകരിക്കപ്പെടുക
3) അവരുടെ തിന്മകള്‍ അല്ലാഹു വിട്ടുകൊടുക്കും
4) അല്ലാഹുവിന്റെ വാഗ്ദാനം സത്യമാണ്.

## വചനം – 17

وَالَّذِي قَالَ لِوَالِدَيْهِ أُفٍّ لَكُمَا أَتَعِدَانِنِي أَنْ أُخْرَجَ وَقَدْ خَلَتِ الْقُرُونُ مِنْ قَبْلِي وَهُمَا يَسْتَغِيثَانِ اللهَ وَيْلَكَ آمِنْ إِنَّ وَعْدَ اللهِ حَقٌّ فَيَقُولُ مَا هَذَا إِلَّا أَسَاطِيرُ الْأَوَّلِينَ (17)

തന്റെ മാതാപിതാക്കളോട് (ഇപ്രകാരം) പറയുന്നവനാകട്ടെ, 'ച്ഛെ! നിങ്ങള്‍ രണ്ടാളും!' [എനിക്ക് നിങ്ങളോട് അറപ്പും വെറുപ്പും തോന്നുന്നു!] എന്റെ മുമ്പ് (പല) തലമുറകള്‍ കഴിഞ്ഞുപോയിട്ടുണ്ട്. (ആരും പുറത്തു വന്നിട്ടില്ല.). എന്നിരിക്കെ, ഞാന്‍ (മരണശേഷം) പുറത്തു കൊണ്ടു വരപ്പെടുമെന്ന് നിങ്ങള്‍ എന്നെ താക്കീതു ചെയ്യുകയോ?!' അവര്‍ രണ്ടുപേരുമാകട്ടെ, അല്ലാഹുവിനോടു സഹായമര്‍ത്ഥിച്ചുകൊണ്ടുമിരിക്കുന്നു; (അവര്‍ പറയുന്നു;) 'നിന്റെ നാശം! നീ വിശ്വസിച്ചേക്കുക! നിശ്ചയമായും അല്ലാഹുവിന്റെ വാഗ്ദത്തം യഥാര്‍ത്ഥമാണ്;' അപ്പോള്‍ അവന്‍ പറയുന്നു : 'ഇതു പൂര്‍വ്വികന്മാരുടെ പുരാണകഥകളല്ലാതെ (മറ്റൊന്നും) അല്ല

---

### വാക്കര്‍ത്ഥം :

| | |
|---|---|
| അനിഷ്ടം പ്രകടിപ്പിക്കുന്ന വാക്ക് | أفَّ – يَؤُفُّ و يَئِفُّ – أُفٍّ |
| പുറപ്പെടുക | خرَجَ – يَخرُج – خروجًا |
| കഴിഞ്ഞു പോവുക | خلا – يَخلُو – اخْلُ – خُلُوًّا و خلاءً |
| സഹായം തേടുക | استغاثَ – يستغيث – اسْتَغِثْ – استغاثةً |

| | |
|---|---|
| പഴംകഥകള് | أُسْطورَة (ج) أَساطيرُ |

## ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങൾ

1) നല്ല മാതാപിതാക്കൾ മക്കളെ സത്യമാർഗ്ഗത്തിലേക്ക് ക്ഷണിക്കുന്നവരാണ്.
2) പ്രബോധനത്തിലെ കാതലായ വശം മരണാനന്തര ജീവിതമാണ്.
3) മാതാപിതാക്കൾ മക്കൾക്ക് വേണ്ടി പ്രാർഥിക്കുന്നവർ ആയിരിക്കണം. അവർക്കെതിരെ പ്രാർഥിക്കരുത്.
4) മരിച്ചവരൊന്നും എഴുന്നേറ്റു വരാത്തതിനാൽ മരണാന്തര ജീവിതമില്ല എന്ന് വാദിക്കൽ ബാലിശമാണ്. കാരണം ഖിയാമത്ത് നാളിലാണ് ഉയിർത്തെഴുനേൽക്കൽ.

## വചനം – 18

أُولَئِكَ الَّذِينَ حَقَّ عَلَيْهِمُ الْقَوْلُ فِي أُمَمٍ قَدْ خَلَتْ مِنْ قَبْلِهِمْ مِنَ الْجِنِّ وَالْإِنْسِ إِنَّهُمْ كَانُوا خَاسِرِينَ (18)

( ഇങ്ങിനെയുള്ള ) അക്കൂട്ടർ, തങ്ങളുടെ മേൽ (ശിക്ഷയുടെ) വാക്ക് യഥാർത്ഥമായിത്തീർന്നിട്ടുള്ളവരത്രെ; (അതെ) ജിന്നുകളിൽനിന്നും മനുഷ്യരിൽ നിന്നും അവരുടെ മുമ്പ് കഴിഞ്ഞുപോയ സമുദായങ്ങളുടെ കൂട്ടത്തിൽ! (കാരണം) നിശ്ചയമായും, അവർ നഷ്ടപ്പെട്ടവരാകുന്നു.

---

### വാക്കർത്ഥം :

| | |
|---|---|
| സത്യമായിത്തീരുക | حقَّ –يحِقّ – حَقًّا وحَقّةً وحُقُوقًا |
| സമുദായം | أُمَّةٌ (ج) أُمَمٌ |
| കഴിഞ്ഞു പോവുക | خلا –يَخلُو – خُلُوًّا و خلاءً |
| നഷ്ടം സംഭവിക്കൽ | خسِرَ –يَخسَرَ – خَسْرًا و خُسْرًا و خَسَارًا و خَسارة و خُسرانًا |

### ഈ ആയത്തിൽ അടങ്ങിയിട്ടുള്ള ആശയങ്ങൾ

1) മരണാനന്തര ജീവിതത്തെ നിഷേധിക്കുകയും മാതാപിതാക്കളെ ധിക്കരിക്കുകയും ചെയ്യുന്നവരുടെ മേൽ ശിക്ഷയുടെ വാക്ക് സ്ഥിരപ്പെടുന്നതാണ്.
2) മനുഷ്യരിൽ സമുദായങ്ങൾ ഉള്ളതുപോലെ തന്നെ ജിന്നുകളിലും സമുദായങ്ങൾ ഉണ്ട്. മനുഷ്യർ മരണപ്പെടുന്നത് പോലെ തന്നെ അവരും മരണപ്പെടുന്നതാണ്.
3) സത്യനിഷേധികൾ ഏറ്റവും വലിയ നഷ്ടക്കാരാണ്.

## വചനം – 19

وَلِكُلٍّ دَرَجَاتٌ مِمَّا عَمِلُوا وَلِيُوَفِّيَهُمْ أَعْمَالَهُمْ وَهُمْ لَا يُظْلَمُونَ (19)

എല്ലാവർക്കുമുണ്ട് അവർ പ്രവർത്തിച്ചതനുസരിച്ച് പദവികൾ. (അതുകൊണ്ടും) അവർക്കു അവരുടെ പ്രവർത്തനങ്ങൾക്ക് (പ്രതിഫലം) നിറവേറ്റിക്കൊടുക്കുവാൻവേണ്ടിയും ആകുന്നു (അത്). അവർ അക്രമിക്കപ്പെടുകയില്ലതാനും.

---

### വാക്കർത്ഥം :

| | |
|---|---|
| പദവികൾ | دَرَجَةٌ (ج) دَرَجَاتٌ |
| പൂർത്തീകരിച്ചു നൽകൽ | وفَّى – يوفِّي – تَوْفِيَةً |
| പ്രവർത്തനങ്ങൾ | عَمَلٌ (ج) أَعْمَالٌ |
| അനീതി (അക്രമം) കാണിക്കൽ | ظَلَمَ – يظلِم ، ظَلْمًا وظُلْمًا |

### ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠങ്ങൾ:

1) മനുഷ്യരുടെ കർമങ്ങൾക്കനുസരിച്ചുള്ള പദവികൾ സ്വർഗ്ഗത്തിലും നരകത്തിലും ഉണ്ടായിരിക്കും.
2) നന്മയും തിന്മയുമായിട്ടുള്ള മനുഷ്യന്റെ മുഴുവൻ പ്രവർത്തനങ്ങൾക്കും സമ്പൂർണമായ പ്രതിഫലം ക്വിയാമത്ത് നാളിൽ ലഭിക്കും.
3) അണുമണിത്തൂക്കം അനീതി അല്ലാഹു അടിമകളോട് കാണിക്കുകയില്ല.

## വചനം – 20

وَيَوْمَ يُعْرَضُ الَّذِينَ كَفَرُوا عَلَى النَّارِ أَذْهَبْتُمْ طَيِّبَاتِكُمْ فِي حَيَاتِكُمُ الدُّنْيَا وَاسْتَمْتَعْتُمْ بِهَا فَالْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَسْتَكْبِرُونَ فِي الْأَرْضِ بِغَيْرِ الْحَقِّ وَبِمَا كُنْتُمْ تَفْسُقُونَ (20)

അവിശ്വസിച്ചവർ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം (അവരോടു പറയപ്പെടും): നിങ്ങളുടെ വിശിഷ്ടവസ്തുക്കളെ(ല്ലാം) നിങ്ങളുടെ ഐഹികജീവിതത്തിൽ വെച്ച് നിങ്ങൾ പാഴാക്കിക്കളയുകയും, അവകൊണ്ടു നിങ്ങൾ സുഖമെടുക്കുകയും ചെയ്തു. എനി, ഇന്ന് നിങ്ങൾക്കു നിന്ദ്യതയുടെ ശിക്ഷ പ്രതിഫലം നൽകപ്പെടുന്നു: (കാരണം:) നിങ്ങൾ, ഭൂമിയിൽ ന്യായമല്ലാത്തവിധം അഹംഭാവം നടിച്ചിരുന്നതുകൊണ്ടും,നിങ്ങൾ തോന്നിയവാസം പ്രവർത്തിച്ചിരുന്നതുകൊണ്ടും (തന്നെ).

---

### വാക്കർത്ഥം :

| | |
|---|---|
| പ്രദർശിപ്പിക്കുക | عَرَض – يعرِضُ – عَرْضًا |
| പാഴാക്കിക്കളയുക | أَذْهَبَ – يُذْهِبُ – إذْهابًا |
| നല്ല വസ്തുക്കൾ,സൽകർമങ്ങള് | طيِّبَةٌ (ج) طيِّبَاتٌ |
| സുഖിക്കുക | اسْتَمَتَعَ – يَسْتَمْتِع – اسْتِمْتاعًا |
| അഹങ്കരിക്കുക | اسْتَكْبَرَ – يسْتكْبِرُ – اسْتِكْبَارًا |
| തോന്നിവാസം പ്രവർത്തിക്കല് | فسق – يفسُق – فسوقًا |

## ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങൾ

1) നരകത്തിൽ പ്രവേശിക്കപ്പെടുന്നതിനു മുൻപ് തന്നെ സത്യനിഷേധികളുടെ മേൽ നരകം കാണിക്കപ്പെടും.
2) അല്ലാഹു നൽകിയ വിശിഷ്ട വസ്‌തുക്കളെ ഭൗതിക സുഖത്തിനു വേണ്ടി മാത്രം ഉപയോഗപ്പെടുത്തുകയും പരലോകത്തേക്കു വേണ്ടി ഉപയോഗപ്പെടുത്താതിരിക്കുകയും ചെയ്‌താൽ അവർ നിന്ദ്യമായ ശിക്ഷ ആസ്വദിക്കേണ്ടി വരും.
3) സത്യനിഷേധികളുടെ നല്ല പ്രവർത്തനങ്ങൾക്ക് പരലോകത്ത് പ്രതിഫലമുണ്ടാവുകയില്ല. കാരണം അവർക്കങ്ങനെ ഒരു നിയ്യത്ത് ഉണ്ടായിരുന്നില്ല.
4) അഹങ്കാരവും തോന്നിവാസവും മനുഷ്യനെ നരകശിക്ഷയിൽ തള്ളിവിടും.

ശ്രദ്ധിക്കുക: ഭൂമിയിൽ അല്ലാഹു നമുക്ക് വിശിഷ്ടങ്ങളായ ധാരാളം വസ്‌തുക്കൾ നൽകിയിട്ടുണ്ട്. വസ്‌ത്രം, ഭക്ഷണം, പാർപ്പിടം, ഇണകൾ, സമ്പത്ത്, നാൽക്കാലികൾ, കൃഷി എന്നിങ്ങനെ. അവ ഉപയോഗപ്പെടുത്തുന്നതിൽ നാല് കാര്യങ്ങൾ ശ്രദ്ധിക്കണം.

1) ഇസ്‌ലാം അനുവദിച്ചതാണോ (ഹലാൽ) എന്നുറപ്പ് വരുത്തണം
2) അനുവദിച്ചതാണെങ്കിലും അമിതവ്യയം അഥവാ ധൂർത്ത് പാടില്ല.
3) പണവും മറ്റു സൗകര്യങ്ങളും സൽകർമങ്ങൾക്ക് വേണ്ടിയും പരലോകത്തെ നന്മക്കു വേണ്ടിയും ഉപയോഗപ്പെടുത്തുക.
4) ഭൗതിക സുഖങ്ങളോട് വിരക്തിയുള്ളവരാവുക.

## വചനം – 21

وَاذْكُرْ أَخَا عَادٍ إِذْ أَنْذَرَ قَوْمَهُ بِالْأَحْقَافِ وَقَدْ خَلَتِ النُّذُرُ مِنْ بَيْنِ يَدَيْهِ وَمِنْ خَلْفِهِ أَلَّا تَعْبُدُوا إِلَّا اللهَ إِنِّي أَخَافُ عَلَيْكُمْ عَذَابَ يَوْمٍ عَظِيمٍ (21)

ആദ് (ഗോത്രത്തി) ന്റെ സഹോദരനെ [ഹൂദിനെ] ഓർമ്മിക്കുക. അതായത്, അഹ്ഖാഫിൽ വെച്ച് അദ്ദേഹം തന്റെ ജനതയെ താക്കീതു ചെയ്ത സന്ദർഭം; അദ്ദേഹത്തിന്റെ മുമ്പിലും പിമ്പിലും (പല) താക്കീതുകാർ കഴിഞ്ഞുപോയിട്ടുമുണ്ട്, നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്; നിശ്ചയമായും ഞാൻ നിങ്ങളുടെമേൽ വമ്പിച്ച ഒരു ദിവസത്തെ ശിക്ഷയെ ഭയപ്പെടുന്നു' എന്ന്.

---

### വാക്കർത്ഥം:

| | |
|---|---|
| സ്മരിക്കുക,ഓർക്കുക | ذَكَرَ – يَذْكُرُ – ذِكْرًا |
| ഭയപ്പെടുക | خَافَ – يَخَافُ – خَوفًا |
| താക്കീത് നൽകുക. | أَنْذَرَ – يُنْذِرُ – إِنْذارًا |

### ഈ ആയത്തിൽ നിന്ന് നാം മനസ്സിലാക്കേണ്ട കാര്യങ്ങൾ

1) ഒരു ജനതയുടെ കൂടെ ജീവിക്കുന്ന വ്യക്തി അവരുടെ സഹോദരനാണ്. അവർ വ്യത്യസ്ത വിശ്വാസക്കാരാണെങ്കിലും ശരി. എന്നാൽ മതപരമായ സാഹോദര്യം മുസ്ലിമീങ്ങൾ തമ്മിൽ മാത്രമേ പാടുള്ളൂ.

2) എല്ലാ നാട്ടിലേക്കും തുടരെ തുടരെ പ്രവാചകന്മാർ വന്നിട്ടുണ്ട്. അവരെല്ലാം പ്രബോധനം ചെയ്തത് لا إله الا الله എന്ന തൗഹീദിന്റെ ആശയമാണ്.

3) മരണാന്തര ജീവിതത്തിലെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാനും സമൂഹത്തെ രക്ഷപ്പെടുത്താനുമാണ് നാം പ്രബോധനം നിർവഹിക്കുന്നത്.

## വചനം – 22

قَالُوا أَجِئْتَنَا لِتَأْفِكَنَا عَنْ آلِهَتِنَا فَأْتِنَا بِمَا تَعِدُنَا إِنْ كُنْتَ مِنَ الصَّادِقِينَ (22)

അവർ പറഞ്ഞു: 'ഞങ്ങളുടെ ആരാധ്യന്മാരിൽ [ദൈവങ്ങളിൽ] നിന്ന് ഞങ്ങളെ തിരിച്ചുവിടുവാൻ വേണ്ടി നീ ഞങ്ങളുടെ അടുക്കൽ വന്നിരിക്കുകയാണോ?! എന്നാൽ, നീ ഞങ്ങളോടു വാഗ്ദത്തം ചെയ്യുന്നത് [താക്കീതു ചെയ്യുന്ന ശിക്ഷ] ഞങ്ങൾക്ക് കൊണ്ടുവന്നു തരിക – നീ സത്യവാൻമാരിൽ പെട്ടവനാണെങ്കിൽ!"

---

### വാക്കർത്ഥം :

| | |
|---|---|
| തെറ്റിച്ചു കളയുക ,കളവു പറയുക | أَفَكَ – يَأْفِكُ–اَفْكًا–وإِفْكًا وأُفوكًا |
| സത്യം പറയുക | صَدَقَ– يَصْدِقُ– صِدْقًا |

### ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങൾ :

1) ഞങ്ങളും ഞങ്ങളുടെ പൂർവ്വീകരും പണ്ടുപണ്ടേ ആരാധിച്ചു വന്നിരുന്ന ദൈവങ്ങളിൽ നിന്നും ഞങ്ങളുടെ പൂർവ്വ പിതാക്കളുടെ ആദർശത്തിൽ നിന്നും ഞങ്ങളെ തെറ്റിച്ചു കളയാൻ വന്ന പുത്തൻ വാദക്കാരാണ് പ്രവാചകന്മാർ എന്ന് എല്ലാ സമൂഹവും ആരോപിച്ചിട്ടുണ്ട്. സത്യത്തിലേക്ക് പ്രബോധനം ചെയ്യുന്നവർ ഇന്നും ഈ ആരോപണം കേൾക്കുന്നു.

2) അല്ലാഹുവിന്റെ ശിക്ഷയെ വെല്ലുവിളിക്കാൻ മാത്രം അവരുടെ ഹൃദയങ്ങൾ കടുത്ത് പോയി.

## വചനം – 23

قَالَ إِنَّمَا الْعِلْمُ عِنْدَ اللهِ وَأُبَلِّغُكُمْ مَا أُرْسِلْتُ بِهِ وَلَكِنِّي أَرَاكُمْ قَوْمًا تَجْهَلُونَ (23)

അദ്ദേഹം പറഞ്ഞു: 'നിശ്ചയമായും, (അതിന്റെ) അറിവു അല്ലാഹുവിങ്കല്‍ മാത്രമാണ്. ഞാന്‍ യാതൊന്നുമായി നിയോഗിച്ചയക്കപ്പെട്ടിരിക്കുന്നുവോ അതു നിങ്ങള്‍ക്കു എത്തിച്ചുതരുകയാണ്. പക്ഷേ, വിഡ്ഢിത്തം ചെയ്യുന്ന (അഥവാ വിവരമില്ലാത്ത) ഒരു ജനതയായി നിങ്ങളെ ഞാന്‍ കാണുന്നു.

---

### വാക്കര്‍ത്ഥം:

| | |
|---|---|
| എത്തിക്കുക,സന്ദേശം നല്‍കുക | بَلَّغَ – يُبَلِّغُ – تَبْلِيغًا |
| വിഡ്ഢിത്തം പ്രവര്‍ത്തിക്കുക | جَهِلَ – يَجْهَلُ – جَهْلًا |

### ഈ ആയത്തില്‍ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങള്‍ :

1) അന്ത്യസമയം എന്നാണെന്ന് അല്ലാഹുവിനല്ലാതെ മറ്റാര്‍ക്കും അറിയില്ല.
2) സ്വന്തം നിലക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാന്‍ പ്രവാചകന്മാര്‍ക്ക് സാധ്യമല്ല. അവര്‍ അല്ലാഹുവിന്റെ സന്ദേശങ്ങള്‍ എത്തിച്ചു തരുന്ന ദൂതന്മാര്‍ മാത്രമാണ്.
3) പ്രവാചകന്മാരെ ധിക്കരിക്കലും ദൈവ ശിക്ഷയെ വെല്ലുവിളിക്കലും തികഞ്ഞ വിഡ്ഢിത്തമാണ്.

## വചനം – 24

فَلَمَّا رَأَوْهُ عَارِضًا مُسْتَقْبِلَ أَوْدِيَتِهِمْ قَالُوا هَذَا عَارِضٌ مُمْطِرُنَا بَلْ هُوَ مَا اسْتَعْجَلْتُمْ بِهِ رِيحٌ فِيهَا عَذَابٌ أَلِيمٌ (24)

അങ്ങനെ, അത് [ആ ശിക്ഷ] തങ്ങളുടെ താഴ്‌വരകളെ അഭിമുഖീകരിച്ചുകൊണ്ടു (വെളിപ്പെട്ട്) ഒരു മേഘമായിക്കണ്ടപ്പോള്‍ അവര്‍ പറഞ്ഞു: 'ഇതാ, നമുക്ക് മഴ നല്‍കുന്ന ഒരു മേഘം (വെളിപ്പെടുന്നു)!' '(അല്ല –) പക്ഷേ, അതു നിങ്ങള്‍ യാതൊന്നിനെപ്പറ്റി ധൃതികൂട്ടിയോ അതാണ്; (അതെ) വേദനയേറിയ ശിക്ഷ ഉള്‍ക്കൊള്ളുന്ന ഒരു (ഭയങ്കര) കാറ്റ്!

---

**വാക്കര്‍ത്ഥം:**

| | |
|---|---|
| മുന്നിടുക,അഭിമുഖീകരിക്കുക | اسْتَقبَلَ – يسْتَقْبِلُ – اسْتِقْبالًا |
| താഴ്വാരം | وَادٍ (ج) أَودِيَةٌ |
| മഴനല്‍കുക | أَمْطَرَ – يُمْطِر – إمْطَارًا |
| ധൃതികൂട്ടുക | اسْتَعْجَلَ – يَسْتَعجِلُ – اسْتِعْجالًا |

**ഈ ആയത്തില്‍ നിന്ന് നമുക്ക് ലഭിക്കുന്ന ആശയങ്ങള്‍ :**

1) അല്ലാഹുവിന്റെ ശിക്ഷയെ വെല്ലുവിളിച്ചവര്‍ അത് അനുഭവിക്കുക തന്നെ ചെയ്യും.
2) ശിക്ഷ നേര്‍ക്കുനേര്‍ കാണുമ്പോഴും അവര്‍ മനസ്സിലാക്കുകയില്ല.
3) അല്ലാഹുവിന്റെ ശിക്ഷയെ നാം എപ്പോഴും ഭയപ്പെടണം. നന്മയാണെന്ന് തോന്നിപ്പിച്ചുകൊണ്ട് അത് കടന്നുവന്നേക്കാം.
4) ഒരിക്കലും അല്ലാഹുവിനെ വെല്ലുവിളിക്കരുത്. അത് അഹങ്കാരവും വിവരക്കേടുമാണ്.

## വചനം – 25

تُدَمِّرُ كُلَّ شَيْءٍ بِأَمْرِ رَبِّهَا فَأَصْبَحُوا لَا يُرَى إِلَّا مَسَاكِنُهُمْ كَذَلِكَ نَجْزِي الْقَوْمَ الْمُجْرِمِينَ (25)

(ആ കാറ്റ്) അതിന്റെ റബ്ബിന്റെ കൽപനപ്രകാരം എല്ലാ വസ്തുക്കളെയും തകർത്തു (നശിപ്പിച്ചു) കളയും!' അങ്ങനെ അവർ, പ്രഭാതവേളയിൽ തങ്ങളുടെ വാസസ്ഥലങ്ങളല്ലാതെ (മറ്റൊന്നും) കാണപ്പെടാത്ത വിധത്തിലായിത്തീർന്നു. കുറ്റവാളികളായ ജനതക്ക് അപ്രകാരം നാം പ്രതിഫലം കൊടുക്കുന്നു.

---

**വാക്കർത്ഥം :**

| | |
|---|---|
| തകർക്കുക,നശിപ്പിക്കുക | دَمَّرَ – يُدَمِّرُ – تَدْمِيرًا |
| ആയിത്തീരുക,പ്രഭാതമാവുക | أَصْبَحَ – يُصْبِحُ – إِصْبَاحًا |
| താമസസ്ഥലം ,വീടുകൾ | مَسْكَنٌ (ج) مَسَاكِنُ |
| കുറ്റം ചെയ്യുക | اَجْرَمَ – يُجْرِمُ – إِجْرامًا |

**ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠങ്ങൾ:**

1) കാറ്റ്,മഴ,ഭൂകമ്പം തുടങ്ങി എന്തെല്ലാം പ്രതിഭാസങ്ങൾ ഉണ്ടോ അതെല്ലാം അല്ലാഹുവിന്റെ കൽപനപ്രകാരമാണ് നടന്നുകൊണ്ടിരിക്കുന്നത്.
2) അല്ലാഹുവിന്റെ കൽപനപ്രകാരം അവ ചിലരെ പിടികൂടുകയും ചിലരെ നശിപ്പിക്കാതെ ഒഴിവാക്കുകയും ചെയ്യുന്നു.
3) ആദ് സമൂഹത്തെ നശിപ്പിച്ചത് പോലെ എക്കാലഘട്ടത്തിലെയും അക്രമികളെ അല്ലാഹു നശിപ്പിക്കുന്നതാകുന്നു.

## വചനം – 26

وَلَقَدْ مَكَّنَّاهُمْ فِيمَا إِنْ مَكَّنَّاكُمْ فِيهِ وَجَعَلْنَا لَهُمْ سَمْعًا وَأَبْصَارًا وَأَفْئِدَةً فَمَا أَغْنَى عَنْهُمْ سَمْعُهُمْ وَلَا أَبْصَارُهُمْ وَلَا أَفْئِدَتُهُمْ مِنْ شَيْءٍ إِذْ كَانُوا يَجْحَدُونَ بِآيَاتِ اللهِ وَحَاقَ بِهِمْ مَا كَانُوا بِهِ يَسْتَهْزِئُونَ (26)

നിങ്ങൾക്ക് നാം സൗകര്യപ്പെടുത്തിത്തന്നിട്ടില്ലാത്ത വിഷയത്തിൽ (പലതിനും) തീർച്ചയായും അവർക്ക് [ആദിനു] നാം സൗകര്യം നൽകുകയുണ്ടായി. അവർക്കു നാം കേൾവിയും, കാഴ്ചകളും ഹൃദയങ്ങളും നൽകിയിരുന്നു. എന്നാൽ, അവരുടെ കേൾവിയാകട്ടെ, കാഴ്ചകളാകട്ടെ, ഹൃദയങ്ങളാകട്ടെ, ഒട്ടും തന്നെ അവർക്കു ഉപകരിച്ചില്ല; അല്ലാഹുവിന്റെ 'ആയത്തു' [ലക്ഷ്യദൃഷ്ടാന്തം]കളെ അവർ നിഷേധിച്ചുകൊണ്ടിരുന്നതിനാൽ ! ഏതൊന്നിനെക്കുറിച്ചു അവർ പരിഹസിച്ചുകൊണ്ടിരുന്നുവോ അതു [ആ ശിക്ഷ] അവരിൽ വലയം ചെയ്കയും ചെയ്തു.

---

### വാക്കർത്ഥം :

| | |
|---|---|
| സൗകര്യം നൽകുക | مكَّنَ – يمكِّن – تمكينًا |
| ഹൃദയം | فُؤادٌ (ج) أَفْئدةٌ |
| ഉപകാരപ്പെടുക | أغنى – يُغني – إغناءً |
| നിഷേധിക്കുക | جحَدَ – يَجحَد – جَحْدًا و جُحودًا |
| വലയം ചെയ്യുക | حاقَ – يَحيق – حَيْقًا |

| | |
|---|---|
| പരിഹസിക്കുക | استهزأ – يستهزئ – استهزاءً |

## ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന പാഠങ്ങൾ :

1) നബിയുടെ കാലത്തെ നിഷേധികളെക്കാൾ ആരോഗ്യവും കരുത്തും സമ്പത്തും ആദ് സമൂഹത്തിനു അല്ലാഹു നൽകിയിരുന്നു. പക്ഷെ അല്ലാഹുവിന്റെ ശിക്ഷയിൽ നിന്ന് രക്ഷപ്പെടാൻ അവർക്ക് സാധിച്ചില്ല. അതുപോലെ ഇവർക്കും രക്ഷപ്പെടുക സാധ്യമല്ല.
2) സത്യം കാണാനും കേൾക്കാനും അതിനെ കുറിച്ച് ചിന്തിക്കാനും കണ്ണും കാതും ഹൃദയവും ഉപയോഗപ്പെടുത്തുന്നില്ലെങ്കിൽ അവൻ കന്നുകാലിക്ക് സമമാണ്. അവൻ മനുഷ്യനായത് അവനു ഉപകാരപ്പെടുകയില്ല.
3) സത്യത്തെ പരിഹസിക്കുന്നവർക്ക് വഴിയേ അതിന്റെ യാഥാർത്ഥ്യം വന്നു ഭവിക്കും.

## വചനം – 27

وَلَقَدْ أَهْلَكْنَا مَا حَوْلَكُمْ مِنَ الْقُرَى وَصَرَّفْنَا الْآيَاتِ لَعَلَّهُمْ يَرْجِعُونَ (27)

നിങ്ങളുടെ ചുറ്റുപാടുമുള്ള (ചില) രാജ്യങ്ങളെയും നാം നശിപ്പിക്കുകയുണ്ടായിട്ടുണ്ട്; അവര്‍ [ആ രാജ്യക്കാര്‍] മടങ്ങുവാന്‍ വേണ്ടി, 'ആയത്തു' [ലക്ഷ്യം]കളെ നാം വിവിധ രൂപത്തില്‍ വിവരിക്കുകയും ചെയ്തു. [അവര്‍ സ്വീകരിച്ചില്ല. അതാണ് കാരണം.]

---

### വാക്കര്‍ത്ഥം :

| | |
|---|---|
| നശിപ്പിക്കുക | أهلكَ– يُهلك – إهلاكًا |
| വിശദീകരിക്കുക | صرَّفَ– يصرِّف – تصريفًا |
| മടങ്ങുക | رجَعَ– عن يَرجِع – رُجوعًا |

### ഈ ആയത്തില്‍ നിന്നും നമുക്ക് ലഭിക്കുന്നത് :

1) സത്യ നിഷേധം കാണിച്ച ധാരാളം പട്ടണങ്ങളെ അല്ലാഹു നശിപ്പിച്ചിട്ടുണ്ട്. (ആദു സമൂഹം, ഥമൂദ് ഗോത്രം, ഫറോവയും കൂട്ടരും, ലൂത്ത്നബിയുടെ ജനത)
2) അവര്‍ക്കെല്ലാം തന്നെ സത്യത്തിലേക്ക് മടങ്ങാന്‍ ആവശ്യമായ തെളിവുകള്‍ വിശദീകരിക്കപ്പെട്ടതിനു ശേഷമാണ് അവരെ നശിപ്പിച്ചത്;അവരുടെ ധിക്കാരം കാരണത്താല്‍.

## വചനം – 28

فَلَوْلَا نَصَرَهُمُ الَّذِينَ اتَّخَذُوا مِنْ دُونِ اللهِ قُرْبَانًا آلِهَةً بَلْ ضَلُّوا عَنْهُمْ وَذَلِكَ إِفْكُهُمْ وَمَا كَانُوا يَفْتَرُونَ (28)

അല്ലാഹുവിനു പുറമെ (അവങ്കലേക്ക്) ഒരു സാമീപ്യകർമ്മമായിക്കൊണ്ട് ആരാധ്യന്മാരായി അവർ സ്വീകരിച്ചുവെച്ചവർ, അപ്പോൾ എന്തുകൊണ്ടു അവരെ സഹായിച്ചില്ല?! പക്ഷേ, (അത്രയുമല്ല) അവർ തങ്ങളെ വിട്ട്തെറ്റി (മറഞ്ഞു) പോയി. അതു, അവരുടെ കള്ള (വാദ)വും, അവർ കെട്ടിച്ചമച്ചിരുന്നതുമത്രെ."

---

### വാക്കർത്ഥം:

| | |
|---|---|
| സഹായിക്കുക | نصَرَ – يَنصُر – نَصْرًا و نُصْرةً |
| സ്വീകരിക്കുക,എടുക്കുക | اتَّخذَ – يتَّخذ – اتِّخاذًا |
| അടുക്കുക | قرِبَ – يقرَب – قُرْبًا و قُرْبانًا |
| വഴിപിഴക്കുക | ضلَّ – يَضِلّ – ضَلاًّ و ضَلالاً |
| കെട്ടിച്ചമക്കുക | افْتَرى – يَفْتَرى – افْتِراء |

### ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്നത്:

1) അല്ലാഹുവിനു പുറമേ ആരാധിക്കപ്പെടുന്നവർ ഒരിക്കലും ആപത്തുകളിൽ നിന്ന് അവരുടെ ആരാധ്യന്മാരെ സഹായിക്കുകയില്ല. കാരണം അവർക്കതിനു സാധ്യമല്ല.

2) ബഹുദൈവാരാധന എന്നത് മനുഷ്യൻ കേട്ടിച്ചമച്ചുണ്ടാക്കിയ ഒരു കളവ് മാത്രമാണ്. അതവർക്ക് ഇരുലോകത്തും ഉപകാരപ്പെടുകയില്ല.

3) അല്ലാഹുവിലേക്ക് അടുപ്പിക്കാൻ എന്ന പേരിൽ മരണപ്പെട്ട മഹാന്മാരെ വിളിച്ച് തേടുന്നവർ പച്ചയായ ശിർക്കാണ് ചെയ്യുന്നത്.

---

## പ്രത്യേകം മനസ്സിലാക്കുക:

ആകാശ ലോകത്ത് കയറിച്ചെന്നു മലക്കുകളിൽ നിന്നും വാർത്തകൾ കട്ട് കേൾക്കുന്ന സ്വഭാവം ജിന്നുകൾക്കുണ്ടായിരുന്നു. അത്തരം വാർത്തകൾ അവർ കണിയാന്മാർക്കും മന്ത്രവാദികൾക്കും എത്തിച്ച് കൊടുക്കും. എന്നാൽ നബിയുടെ ആഗമനത്തോടു കൂടി അത് തടയപ്പെട്ടു. എന്തുകൊണ്ട് തടയപ്പെട്ടു എന്ന് അന്വേഷിക്കുവാൻ ഇറങ്ങിപ്പുറപ്പെട്ട ജിന്നുകൾ മക്കയിലെ നഖ്ല എന്ന പ്രദേശത്ത് വെച്ച് നബി (സ) ഫജർ നമസ്കാരത്തിൽ ഖുർആൻ പാരായണം ചെയ്യുന്നത് കേട്ടു. തുടർന്നുള്ള സംഭവങ്ങളാണ് ഇവിടെ വിശദീകരിക്കപ്പെടുന്നത്.

## വചനം – 29

وَإِذْ صَرَفْنَا إِلَيْكَ نَفَرًا مِنَ الْجِنِّ يَسْتَمِعُونَ الْقُرْآنَ فَلَمَّا حَضَرُوهُ قَالُوا أَنْصِتُوا فَلَمَّا قُضِيَ وَلَّوْا إِلَى قَوْمِهِمْ مُنْذِرِينَ (29)

(നബിയേ) ഖുര്‍ആന്‍ ശ്രദ്ധിച്ചുകേട്ടും കൊണ്ട് ജിന്നുകളില്‍നിന്നുള്ള ഒരു കൂട്ടരെ [ചെറുസംഘത്തെ] നിന്‍റെ അടുക്കലേക്കു നാം തിരിച്ചുവിട്ട സന്ദര്‍ഭം (ഓര്‍ക്കുക). എന്നിട്ട്, അതിന്നടുക്കല്‍ അവര്‍ ഹാജറായപ്പോള്‍, 'നിശ്ശബ്ദമായിരിക്കുവിന്‍' എന്നു അവര്‍ (തമ്മില്‍) പറഞ്ഞു. അങ്ങനെ, അതു [പാരായണം] നിര്‍വ്വഹിക്കപ്പെട്ടു കഴിഞ്ഞപ്പോള്‍, തങ്ങളുടെ ജനതയുടെ അടുത്തേക്കു താക്കീതു നല്‍കുന്നവരായും കൊണ്ടു അവര്‍ തിരിച്ചുപോയി."

---

### വാക്കര്‍ത്ഥം :

| | |
|---|---|
| തിരിച്ചു വിടുക | صرَفَ – يصرِف – صَرْفًا |
| ശ്രദ്ധിച്ച് കേള്‍ക്കുക | استمعَ – يستمع – استماعًا فهو مُستمِع |
| മിണ്ടാതിരിക്കുക | أنصتَ – يُنصِت – إنصاتًا |
| തീരുമാനിക്കപ്പെടുക,കഴിയുക | قضَى – يقضي – قضاءً و قَضْيًا |
| തിരിച്ച് നടക്കുക ,പിന്തിരിയുക | ولَّى –يولِّي – تَوْلِيَةً |

### ഈ ആയത്തില്‍ നിന്ന് നമുക്ക് ലഭിക്കുന്ന പാഠങ്ങള്‍ :

1) അല്ലാഹു അവന്‍റെ തീരുമാനപ്രകാരം ഒരു സംഘം ജിന്നുകളെ നബിയുടെ അടുക്കലേക്ക് അയച്ചു.

2) മനുഷ്യരെ പോലെ തന്നെ പ്രബലമായ മറ്റൊരു ജീവവർഗ്ഗമാണ് ജിന്നുകൾ.
3) അവർ നിശബ്ദരായി ,മാന്യമായി ഖുർആനിന്റെ പാരായണം ശ്രദ്ധിച്ച് കേട്ടു.
4) ഖുർആൻ അവരിൽ സ്വാധീനമുണ്ടാക്കുകയും അവർ മുസ്ലിമീങ്ങൾ ആവുകയും ചെയ്തു.
5) അവർ സ്വന്തം ജനങ്ങൾക്ക് താക്കീത് നൽകുവാൻ തിരിച്ചു പോയി.
6) അവർ നല്ല ജിന്നുകളായിരുന്നു. ജിന്നുകളിൽ വിശ്വാസികളും അല്ലാത്തവരുമുണ്ട്.
7) ജിന്നുകൾക്ക് അദൃശ്യം അറിയില്ല.
8) അവർ ബഹളമുണ്ടാക്കിയാൽ അവർക്ക് തന്നെ പരസ്പരം ശബ്ദം കേൾക്കാൻ കഴിയില്ല.

## വചനം – 30

قَالُوا يَا قَوْمَنَا إِنَّا سَمِعْنَا كِتَابًا أُنْزِلَ مِنْ بَعْدِ مُوسَى مُصَدِّقًا لِمَا بَيْنَ يَدَيْهِ يَهْدِي إِلَى الْحَقِّ وَإِلَى طَرِيقٍ مُسْتَقِيمٍ (30)

അവര്‍ പറഞ്ഞു: 'നിശ്ചയമായും, ഞങ്ങള്‍ ഒരു വേദഗ്രന്ഥം (പാരായണം ചെയ്യപ്പെടുന്നത്) കേട്ടു. അത്, അതിന്റെ മുമ്പിലുള്ളതിനെ [മുന്‍വേദഗ്രന്ഥങ്ങളെ] സത്യമാക്കിക്കൊണ്ട് മൂസാ(നബി)ക്കു ശേഷം അവതരിപ്പിക്കപ്പെട്ടിരിക്കയാണ്. യഥാര്‍ത്ഥത്തിലേക്കും, ചൊവ്വായ (നേര്‍) മാര്‍ഗ്ഗത്തിലേക്കും അത് വഴികാട്ടുന്നു.

---

### വാക്കര്‍ത്ഥം :

| | |
|---|---|
| കേള്‍ക്കുക | سمِعَ – يَسمَع – سماعًا و سَمْعًا |
| സത്യപ്പെടുത്തുക | صَدَّقَ – يُصدِّق – تصْديقًا |
| വഴി | طريق |

### ഈ ആയത്തില്‍ നിന്ന് നമുക്ക് ലഭിക്കുന്ന പാഠങ്ങള്‍

1) ഈ ജിന്നുകള്‍ തൌറാത്തിനെ സംബന്ധിച്ച് അറിവുള്ളവരായിരുന്നു.
2) വേദങ്ങളുടെ സന്ദേശങ്ങളില്‍ അറിവുണ്ടായിരുന്നു.
3) അവര്‍ അഹങ്കാരമില്ലാത്തവരും സത്യന്വേഷികളുമായിരുന്നു.
4) പരിശുദ്ധ ഖുര്‍ആന്‍ പൂര്‍വ്വ വേദങ്ങളെ സത്യപ്പെടുത്തുന്നു.
5) വിശ്വാസ രംഗത്തും കര്‍മ രംഗത്തും കുറ്റമറ്റ മാര്‍ഗ്ഗ ദര്‍ശനം ഖുര്‍ആന്‍ നല്‍കുന്നു.

## വചനം – 31

يَا قَوْمَنَا أَجِيبُوا دَاعِيَ اللهِ وَآمِنُوا بِهِ يَغْفِرْ لَكُمْ مِنْ ذُنُوبِكُمْ وَيُجِرْكُمْ مِنْ عَذَابٍ أَلِيمٍ (31)

ഞങ്ങളുടെ ജനങ്ങളേ, നിങ്ങള്‍ അല്ലാഹുവിന്റെ ക്ഷണകര്‍ത്താവിനു [ദൂതനു] ഉത്തരം നല്‍കുവിന്‍; അദ്ദേഹത്തില്‍ വിശ്വസിക്കുകയും ചെയ്യുവിന്‍: എന്നാലവന്‍ നിങ്ങള്‍ക്കു നിങ്ങളുടെ പാപങ്ങള്‍ പൊറുത്തു തരുകയും, വേദനയേറിയ ശിക്ഷയില്‍നിന്നു നിങ്ങളെ കാക്കുകയും ചെയ്യുന്നതാണ്.

---

### വാക്കര്‍ത്ഥം

| | |
|---|---|
| ഉത്തരം നല്‍കല്‍ | أجابَ – يُجيب – أَجِبْ – إجابَةً |
| പൊറുത്തു കൊടുക്കല്‍ | غفَرَ – يَغفِر – غَفِيرٌ – غَفْرًا – غُفْرَانٌ |
| രക്ഷപ്പെടുത്തുക | أجارَ – يُجير – إجارةً |

### ഈ ആയത്തില്‍ നിന്നും നമുക്ക് മനസ്സിലാക്കാവുന്ന കാര്യങ്ങള്‍.

1) പ്രബോധനത്തില്‍ പാപമോചനത്തെ സംബന്ധിച്ചും നരക മോചനത്തെ സംബന്ധിച്ചും ഊന്നല്‍ നല്‍കി സംസാരിക്കണം. ഇസ്‌ലാം സ്വീകരിച്ചാല്‍ ലഭിക്കുന്ന രണ്ടു നേട്ടവും ഇത് തന്നെ.
2) ഈ ജിന്നുകള്‍ തങ്ങളുടെ സമൂഹത്തോട് അങ്ങേയറ്റം ഗുണകാംക്ഷയുള്ളവരായിരുന്നു. എല്ലാ പ്രബോധകരും അങ്ങനെ ആയിരിക്കണം.

## വചനം – 32

وَمَنْ لَا يُجِبْ دَاعِيَ اللهِ فَلَيْسَ بِمُعْجِزٍ فِي الْأَرْضِ وَلَيْسَ لَهُ مِنْ دُونِهِ أَوْلِيَاءُ
أُولَئِكَ فِي ضَلَالٍ مُبِينٍ (32)

ആരെങ്കിലും അല്ലാഹുവിന്റെ ക്ഷണകർത്താവിനു ഉത്തരം ചെയ്യാതിരുന്നാൽ അവൻ ഭൂമിയിൽ വെച്ച് (അല്ലാഹുവിനെ) തോൽപ്പിക്കുന്നവനൊന്നുമല്ല; അവനു പുറമെ യാതൊരു രക്ഷാകർത്താക്കളും തനിക്കു ഉണ്ടാവുകയില്ലതാനും. അക്കൂട്ടർ സ്പഷ്ടമായ വഴിപിഴവിലാകുന്നു.

---

### വാക്കർത്ഥം

| | |
|---|---|
| തോൽപിക്കുക | أعجزَ – يُعجز – إعجازًا |
| വഴികേട് | ضَلالٌ |

### ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത്

1) പ്രവാചകന് ഉത്തരം നൽകാത്തവർ സ്വയം തോൽക്കുകയേയുള്ളൂ.
2) നബിയെ നിഷേധിക്കുന്നവർക്ക് അല്ലാഹുവിനെയോ അവന്റെ ദാസന്മാരെയോ തോൽപിക്കാൻ കഴിയില്ല. അവർക്ക് രക്ഷാധികാരികൾ അല്ലാഹുവിനു പുറമെ ആരുമുണ്ടാവില്ല. അവർ വ്യക്തമായ വഴികേടിലുമായിരിക്കും.

## വചനം – 33

أَوَلَمْ يَرَوْا أَنَّ اللهَ الَّذِي خَلَقَ السَّمَاوَاتِ وَالْأَرْضَ وَلَمْ يَعْيَ بِخَلْقِهِنَّ بِقَادِرٍ عَلَى أَنْ يُحْيِيَ الْمَوْتَى بَلَى إِنَّهُ عَلَى كُلِّ شَيْءٍ قَدِيرٌ (33)

അവർക്കു കണ്ടുകൂടേ, ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും, അവയെ സ്രിഷ്ടിച്ചതുകൊണ്ടു ക്ഷീണിക്കാതിരിക്കുകയും ചെയ്തവനായ അല്ലാഹു, മരണപ്പെട്ടവരെ ജീവിപ്പിക്കുവാൻ കഴിയുന്നവൻ തന്നെയാണെന്നു?! അല്ലാതേ! നിശ്ചയമായും, അവൻ എല്ലാ കാര്യത്തിനും കഴിവുള്ളവൻ തന്നെ.

---

### വാക്കർത്ഥം

| | |
|---|---|
| ക്ഷീണിക്കുക | عَيَّ – عَيِيْتُ –يَعْيا–عِيًّا و عَياءً |
| ജീവിപ്പിക്കുക | أحيى – يُحيي – إحياءً |
| കഴിവുണ്ടാവുക | قدِر–يقْدَر–قدَرا و قُدرةً –قدَر–يقدُرُ |

### ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്ന ആശയങ്ങൾ:

1) ആകാശ – ഭൂമികൾ ഉൾക്കൊള്ളുന്ന ഈ മഹാ പ്രപഞ്ചത്തെ സൃഷ്ടിച്ച് സംരക്ഷിക്കുന്ന അല്ലാഹു ഉന്നതനും മഹാനുമായിരിക്കുന്നു. അവയെ സൃഷ്ടിച്ചതിന്റെ പേരിൽ അവനു അൽപം പോലും ക്ഷീണമോ മുഷിപ്പോ ഉണ്ടായിട്ടില്ല.
2) അങ്ങനെയുള്ള അല്ലാഹു മരിച്ചവരെ ജീവിപ്പിക്കാൻ കഴിവുള്ളവൻ തന്നെ.

## വചനം – 34

وَيَوْمَ يُعْرَضُ الَّذِينَ كَفَرُوا عَلَى النَّارِ أَلَيْسَ هَذَا بِالْحَقِّ قَالُوا بَلَى وَرَبِّنَا قَالَ فَذُوقُوا الْعَذَابَ بِمَا كُنْتُمْ تَكْفُرُونَ (34)

അവിശ്വസിച്ചവർ നരകത്തിങ്കൽ പ്രദർശിപ്പിക്കപ്പെടുന്ന ദിവസം, (ചോദിക്കപ്പെടും:) 'ഇതു യഥാർത്ഥം തന്നെയല്ലേ?!' അവർ പറയും: '(അതെ.) അല്ലാതേ – ഞങ്ങളുടെ റബ്ബ് തന്നെയാണ (സത്യം)!' അവൻ [റബ്ബ്] പറയും: 'എന്നാൽ, നിങ്ങൾ അവിശ്വസിച്ചുകൊണ്ടിരുന്നത് നിമിത്തം ശിക്ഷ ആസ്വദിച്ചുകൊള്ളുവിൻ!

---

### വാക്കർത്ഥം

| | |
|---|---|
| ആസ്വദിക്കുക | ذاق يَذُوق ذَوْقًا وذَوَاقًا وذَوَقانًا |

### ഈ ആയത്തിൽ നിന്നും നമുക്ക് ലഭിക്കുന്നത്:

1) ഖിയാമത്ത് നാളിൽ നരകത്തെ മുഖാമുഖം കാണുമ്പോൾ സത്യനിഷേധികൾക്ക് അതിനെ ഒരു ന്യായം പറഞ്ഞും തള്ളിക്കളയാൻ സാധ്യമല്ല.
2) ഒരാൾക്ക് നരക ശിക്ഷ ആസ്വദിക്കേണ്ടി വരുന്നത് അയാളുടെ സത്യനിഷേധം കാരണം മാത്രമാണ്.

## വചനം – 35

فَاصْبِرْ كَمَا صَبَرَ أُولُو الْعَزْمِ مِنَ الرُّسُلِ وَلَا تَسْتَعْجِلْ لَهُمْ كَأَنَّهُمْ يَوْمَ يَرَوْنَ مَا يُوعَدُونَ لَمْ يَلْبَثُوا إِلَّا سَاعَةً مِنْ نَهَارٍ بَلَاغٌ فَهَلْ يُهْلَكُ إِلَّا الْقَوْمُ الْفَاسِقُونَ (35)

ആകയാൽ, റസൂലുകളാകുന്ന ദൃഢമനസ്കന്മാർ ക്ഷമിച്ചതുപോലെ, (നബിയേ) നീ ക്ഷമ കൈക്കൊള്ളുക; അവർക്കുവേണ്ടി നീ ധൃതിപ്പെടുകയും വേണ്ടാ. അവരോടു വാഗ്ദത്തം [താക്കീതു] ചെയ്യപ്പെടുന്ന കാര്യം [ശിക്ഷ] അവർ കാണുന്ന ദിവസം, ഒരു പകലിന്റെ ഒരു നാഴികനേരമല്ലാതെ അവർ (ഭൂമിയിൽ) താമസിച്ചിട്ടില്ലെന്ന പോലെയിരിക്കും. (ഇതു) ഒരു പ്രബോധനമത്രെ! എന്നാൽ, തോന്നിവാസികളായ ജനങ്ങളല്ലാതെ നാശത്തിലകപ്പെടുമോ?!

---

### വാക്കർത്ഥം:

| | |
|---|---|
| ഉറച്ച് തീരുമാനിക്കുക | عَزَمَ-يعزِم- عَزْمًا-عَزيمًا و عَزيمةً |
| ക്ഷമ,ദൃഢത | العَزْمُ : الصَّبْرُ والجِدُّ |
| താമസിക്കുക | لبِثَ - يَلبَث - لَبْثًا و لُبْثًا |
| എത്തിച്ചേരുക,എത്തിക്കുക | بلَغَ-يَبلُغ - بُلوغًا و بَلاغًا |
| നശിക്കുക | هلَكَ- يهلَك و يهلِك - هَلاكًا |

### ഈ ആയത്തിൽ നിന്ന് നമുക്ക് ലഭിക്കുന്നത് :

1) പ്രവാചകന്മാർ ക്ഷമയുടേയും സ്ഥൈര്യത്തിന്റെയും ആളുകളാണ്.

2) أُولــو الــعَزم ന്റെ പ്രവാചകന്മാരായി അറിയപ്പെടുന്നത് നോഹ്, ഇബ്‌റാഹീം, മൂസ, ഈസ, മുഹമ്മദ് (عليهم الصلاة والسلام) എന്നീ പ്രവാചകന്മാരാണ്.

3) ഭൂമിയിൽ സത്യനിഷേധികൾക്ക് അല്ലാഹു സാവകാശം നൽകിയാലും പരലോകത്ത് കടുത്ത ശിക്ഷ അവരെ കാത്തുനിൽക്കുന്നുണ്ട്. അതിനാൽ അവരുടെ കാര്യത്തിൽ തിരക്ക് കൂട്ടേണ്ടതില്ല.

4) ഖിയാമത്ത് നാളിന്റെ ഭയാനകത കാരണത്താൽ ഭൂമിയിൽ അൽപം മാത്രമേ താമസിച്ചിട്ടുള്ളൂ എന്ന് മനുഷ്യർക്ക് തോന്നും.

5) അധർമകാരികൾക്ക് മാത്രമാണ് നാശം